# ശ്രീധരബോധ കിരണം

പ്രസാധകർ:—

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P. O., പുതുപ്പള്ളി

കായംകുളം

अहं ब्रह्मेति निश्चित्य
अहं भावं परित्यज

# ശ്രീധരബോധ കിരണം

പ്രസാധകർ:—

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P. O., പുതുപ്പള്ളി

കായംകുളം

ŚREEDHARA BODHA KIRANAM

(Malayalam)

Author
SADHU SREEDHARAN NAIR

Published by

SREEDARA DESAM TRUST
Govinda Muttam P. O.,
Puthuppally-
Kayamkulam.

Printed at
P. C. Press, Kottayam

Copies 500
Copyright Reserved

1-1-1992
17 Dhanu 1167

# ഓം

## ശ്രീ ഗുരവേ നമ:

ഇതിൽ പറയുന്ന സംഗതികൾ ഇവിടെ സൽസംഗങ്ങളിൽ പല ആവൃത്തി വിവരിച്ചിട്ടുള്ളതാണ്. എന്നാലും ചിലഭാഗങ്ങൾ കൂടുതൽ വിശദീകരണം ആവശ്യപ്പെടുന്നുണ്ടാകാം. മുക്തിവിഷയമായ കാര്യമല്ലെ, കിട്ടാൻ പ്രയാസമുണ്ടായിരിക്കാം. പഠിച്ചാൽ എല്ലാം സാദ്ധ്യമാകും. മുക്തിയെയല്ല സാധാരണ മനുഷ്യർ ആഗ്രഹിക്കുന്നതു്, തൽക്കാല ശാന്തിയാണ്. ഇതിലെ വിഷയമതല്ലാത്തതുകൊണ്ടു് പലർക്കും രുചി കുറഞ്ഞേക്കാം. എങ്കിലും ശ്രദ്ധിച്ചാൽ പിടികിട്ടും അക്കരയുമെത്താം. ധീരമായി മുന്നേറാൻ ആഗ്രഹിക്കുക.

ശ്രീധരദേശം
30—12—1991

ശ്രീധരൻ

ഓം

# ശ്രീധരദേശം ട്രസ്റ്റ് പ്രസിദ്ധീകരണങ്ങൾ

ശ്രീഗോപാല ഗീതാ
വിദ്യാസാഗരസന്ധ്യ
ഗുരുപ്രണാമം
വേദാന്തസാരം (പുന:പ്രകാശനം)
ശ്രീധരബോധ മനനം
ഉത്തരഗീതാ—(പുന:പ്രകാശനം)
രാമഗോപാലം
ശ്രീധര വചനാമൃതം—I
,, ,, II
ശ്രീധര പരിദേവനം
മഹാവാക്യപ്പൊരുൾ
സാധു നിശ്ചലദാസൻെറ വിചാരസാഗരം
(പുന:പ്രകാശനം)
ശ്രീധരൻെറ വേദാന്തബോധസുധ
അദ്വൈത ശ്രീധരം
ശ്രീധരം
ശ്രീധരൻെറ വേദാന്തസരണി
ഉപനിഷത് ശ്രീധരപ്രകാരം
ശ്രീധര ശ്രീധരം
ബാലശ്രീധരം
വേദ വേദാന്ത സമന്വയം
ആത്മസുധ
ശ്രീധരൻെറ വേദാന്ത വിഹായസ്
ശ്രീധരബോധകിരണം

ഓം

ശ്രീ ഗുരവേ നമ:

# ശ്രീധരബോധ കിരണം

ഘോരഘോരാന്ധകാരത്തിൽ പിറന്നു്, ഒന്നുമറിയാതെ, ഒന്നും കാണാതെ—വൃക്ഷലതാദി നിബിഡമായ വനാന്തരത്തിൽ ദിക്കോ, ദേശമോ, കാലമോ അറിയാതെ നീന്തും പോലെ—തന്നെയും ഒട്ടുപോലുമേ അറിയാതെ നീങ്ങുന്ന ഒരു ജീവനെ ജാഗ്രത്തിൽ കൊണ്ടുചെന്നു നിറുത്തുന്നതു് പററിയതല്ലെന്നു കണ്ടിട്ടായിരിയ്ക്കാം, ഉഷസ്സിനു മുമ്പു്, അരുണനും മുമ്പു് ഘോരാന്ധകാരത്തിൽ തളച്ചുപൂട്ടിയതു്.

ഏവനും ഇതു പൊട്ടിച്ചു ചാടണമെന്നും ഈ ഇരുട്ടിൽനിന്നും രക്ഷപെടണമെന്നും അതിയായ മോഹമുണ്ടാകുമല്ലോ.

തപ്പിയോ, തടഞ്ഞോ, ഭയന്നോ, ധീരത പ്രഖ്യാപിച്ചോ മുന്നേറാൻ ശ്രമിക്കുന്ന ധീരാത്മക്കളെ വിരട്ടാനും ഓടിച്ചിട്ടു പിടിക്കാനും തക്കംനോക്കിയിരിക്കുന്ന വ്യാഘ്രങ്ങളങ്ങോട്ടനേകം, കൂടെ അനുധാവനം ചെയ്തു കുതികാലിൽ കടിക്കാൻ വെമ്പുന്ന നരികളങ്ങോട്ടനേകം.

ഉള്ളിലെ വിഷം ഉതിവിട്ട് വീർപ്പുമുട്ടിച്ചുകൊല്ലുവാൻ വെമ്പുന്ന പാമ്പുകളങ്ങൊട്ടനേകം, ജീവനുംകൊണ്ടു രക്ഷപെടുവാൻ ശ്രമിക്കുന്ന ദേഹിയുടെ ദേഹം തുളച്ചു രക്തമൂററുവാൻ വെമ്പുന്ന പന്നിസമാന വണ്ടുകളങ്ങൊട്ടനേകം. അഹോ! അഹോ! അഹോ! രക്ഷപെടുക എങ്ങനെയങ്ങേത്തുവിധം.

നരകയാതനകളനുഭവിച്ചു ഇതികർത്തവ്യതാ മൂഢരായിട്ടു എത്ര എത്ര ജീവൻ നിഷ്പ്രഭരായിരിക്കുന്നു. രക്ഷകനെന്നും രക്ഷിതാവെന്നും ചൊല്ലി വീമ്പിളക്കി കാടിളക്കുന്ന മൂഢരങ്ങെത്രയെത്ര അമ്പേ! ജീവനെ നീ ചെയ്ത പിഴയെന്തു? ആരു നിനക്കു വെളിച്ചം തന്നു രക്ഷിക്കും? ഇപ്രകാരേണ അറിയും ജീവൻ, ഈ കാടോ ദുഷ്ടരോ ദുഷ്ട ജന്തുക്കളോ തൻേറതോ താനോ അല്ലെന്നറിഞ്ഞു. സുപ്രഭാതത്തെ കാംക്ഷിക്കുന്ന പുരുഷൻ ജാഗ്ര ജാഗ്രത്തിലത്രേ എഴുന്നേൽക്കുന്നതു.

രക്ഷപെടാൻ ആഗ്രഹം മാത്രം കൈമുതലുള്ള ജീവി ജീവനുംകൊണ്ടു കല്ലും മുള്ളുമില്ലാ ശുദ്ധയിടം നോക്കി കണ്ടു സൂക്ഷിച്ചു പദം വച്ചു മുന്നേറുന്ന ജീവിക്കു ആ ഇരുട്ടിലും ദുരിതത്തിലും കേൾക്കാം എഴുത്തച്ഛൻ പാടിയ—

'ഝില്ലിഝംകാരനാദമണ്ഡിത'' മഹാവന കോലാഹലങ്ങൾ. ഝിൽഝിൽ മുഴങ്ങും ഘോരവിജന വനാന്ധകാരം താണ്ടി മുന്നേറുമ്പോൾ ഝലം ഝലം ത്രസിക്കും പ്രകമ്പന നൃത്തനിനദം കേൾക്കാം. ഉഷസ്സടുത്തു മഹാഭീകര കാനനം കാഴ്ച വിധേയമായി ഭവിക്കുന്നു. തലതല്ലി ഒടിച്ചുമടക്കി സീൽക്കാര പ്രവാഹംകാട്ടി ജലപ്രവാഹത്തെ ചെയ്യുന്ന കാട്ടരുവി സ്നാനഘട്ടം കാട്ടി മാടി വിളിക്കലായി. അമ്പേ സന്തോഷനിനദം. സുരവൃന്ദമുണരുന്നു. ശ്രീധരദേശേ, വീണാമൃദംഗ ശംഖധ്വനിപൂരിതം, മനോഹരമണ്ഡലം മോഹനമനോഹര സ്വർഗ്ഗപ്രദേശം. ഓങ്കാരധ്വനിപൂരിതഹംസമദ്ധ്യ നൃപ്ര

ഭാതമരുളുംപ്രദേശം. എഴുന്നേൽക്ക ശ്രീധരാ എ നേൽക്ക. ന പ്രഭാതമരുളുന്ന ഭൂതലേ.പങ്കജാക്ഷാ നോക്ക, നോക്ക നയനം തുറന്നു നീ.തമസ്സങ്ങകററി ജഗത്തെകാൺക നീ.

ജാഗ്ര ജാഗ്രത്തിൽ കാണും വിക്രിയ മഹാഘോരം, ആത്മാ ൎമായി ചിലതെല്ലാം ചൊല്ലട്ടെ നിന്നോടേവം, ചിൽസൂര്യഘോരാതപത്തിൽ കാണുമീജഗത്തെല്ലാം—ചിൽസൂര്യഘോരാതപത്താൽ കാട്ടമീ ജഗത്തെല്ലാം ബോധമല്ലാതെ മറെറാന്നായിട്ട വന്നീടുമോ, ബോധമല്ലാത്ത വസ്തുതത്വമൊന്നുണ്ടാകുമോ. ചിൽസൂര്യഘോരാതപത്തിൽ ജഗത്തെങ്ങനെ കണ്ടുമുട്ടും, ചിത്സൂര്യഘോരാതപത്തിൽ ഘോരതതടുക്കുവാൻ കാട്ടുന്നതാണോ ഇ ജഗത്താം വിഭൂതിയെ. അല്ലല്ലിതെല്ലാം ബോധവ്ചിയോ, പിളർന്നു പിളർന്നങ്ങു ചെല്ലുമ്പോഠം കണ്ടെത്തുമോ സത്യചിത്ഘനാനന്ദം— ആരുതാനറിയുമീഗഹന ഗംഭീരനെ? ജ്ഞാനസാഗര മദ്ധ്യേ കണ്ടെത്തുമോ ആനന്ദത്തെ, ഉറപ്പായ്, പദാൎമായ്,വസ്തുതത്വമായ് കാട്ടീടുവാൻ തന്നതോ ജഗത്ത്.

കേംക്ക നീ എൻെറ കുഞ്ഞെ നീ തിന്നുമന്നമതു് വിഘടിക്കപ്പെടുന്നില്ലേ നാനാതരത്തിലായി, അസ്ഥയായ്, മാംസമായി, മജ്ജയായ്, രക്തമായി, പിത്തമായി മനസ്സായി എന്നല്ല ാണനായി സർവ്വവുമായി ജലമത്പ്രാണനായി ചെ ന്നു പലവിധം. എങ്ങനെ പദാൎം പിരിയും വിധമതുകഥിപ്പതെങ്ങനെ എത്ര ദു സ്സഹം കുഞ്ഞേ. നാനാതരത്തിലുള്ള മണലതുതരം, തിരിക്കാൻ ചെയ്യുമാ പ്രവൎത്തനം പാൎത്തുനോക്കുക കുഞ്ഞെ. ഒരിനം കാന്തസൂചി ആകർഷിച്ചെടുക്കും ഒരിനം മണലിനെ, മറൊരിനം കാന്തസൂചി ആകർഷിച്ചെടുക്കും മറെറാരിനം മണലിനെ. ജ ം ജ ത്തിനെ പിടിക്കയോ—അതും വകതിരിച്ചറിഞ്ഞു പിടിക്കുംപോൽ. ഇവിടെ നീ നോക്കു കുഞ്ഞേ ബോധത്തിൽ പ്രവൎത്തനം എങ്ങാനുമുണ്ടോ എന്നു നോക്കി കാണു കുഞ്ഞേ, കമ്പ്യൂട്ടർ കൂട്ടും കുറയ്ക്കും ഹരിക്കും ഗുണിച്ചീടും എന്നല്ല വ്യ

ക്തം ചൊല്ലും ഇന്നതുമാററി പെട്ടെന്ന് ഇന്ന വിധം ഘടപ്പിക്കാൻ. ഇത്ര പ്രയാസമേറും ക്രിയ ചെയ്യും കമ്പ്യൂട്ടർക്കാരും ജീവനുള്ളതായ് പറകയില്ല. ബോധലുമില്ലയല്ലോ. ആയപോൽ ജഗത്തു' പ്രധാനേന നിയന്ത്രിക്കപ്പെട്ടാലും പ്രവർത്തിപ്പിക്കപ്പെട്ടാലും ബോധം കമ്പ്യൂട്ടറുടേതല്ലാത്തതുപോലെ ബോധം പ്രധാനത്തിൻേറതുമല്ല.

'ഏഷ സർവേശ്വര—ഏഷസർവജ്ഞ ഏഷോന്തര്യാമേഷയോനി, സർവസ്യപ്രഭവവ്യയൗഹിഭൂതാനാം' ആത്മാവിൻേറതുതന്നെയായ അഥവാ ആത്മാവുതന്നെയായ ബോധം ഏഷ സർവജ്ഞ എന്ന പദം കുറിക്കുന്നില്ലേ. പിടികിട്ടാനിഴൽപോലെ എപ്പോഴും കൂടെ കാണപ്പെടുന്നില്ലേ?

എന്നാൽ ഇതിനെ തിരിച്ചെടുക്കുവാൻ ഒരു കാന്തം കണ്ടെത്തുകയാണ് നമുക്കാവശ്യം. ഈ ബോധമാകട്ടെ തിരിയും പൊരുളല്ല — അറിയും പൊരുളല്ല — തിരിയാ പൊരുളല്ല. ഇങ്ങനെ ഇരിക്കെ ഇതിനെ എങ്ങനെ തിരിച്ചുകാട്ടും. എങ്ങനെ അറിഞ്ഞുകൂടും ഇതൊരു ഉത്തമ പാഠംതന്നെ നമുക്കിവിടെയും തീർത്ഥമാടാം.

ഒരു ഭീമമായ ഐസ്കട്ടി. അതിൽ ഭയങ്കര തണുപ്പുണ്ട്. തണുപ്പതിൻെറ ഗുണമാണ്. ഐസ് തണുപ്പാണെന്നു പറയുന്ന ആ നാക്കുതന്നെ പറയും തണുപ്പെന്നതയിസല്ല എന്നു്. അതൊരു ഘനപാർത്ഥമെന്നു പറഞ്ഞാൽ ഘനമെന്നതയിസ്സാകയില്ലല്ലോ. ഇങ്ങനെ ഓരോന്നോരോന്നായി എടുത്തു് അതല്ല അതല്ല എന്ന, നേതി, നേതി പ്രക്രിയയാൽ തെറിപ്പിച്ചു കളഞ്ഞാൽ അവശേഷിക്കുമൊന്നവരും അതയിസ്സാവും. ജലമാണയിസ്സെന്നു പറഞ്ഞാൽ അയിസ്സു് ജലമല്ലെന്നു പറകയില്ല. എന്നാൽ ജലമയിസ്സാണെന്നു പറയാൻ പ്രയാസമുണ്ടുതാനും. ഇവിടെ അയിസ്സിലെ തണുപ്പു തെറിപ്പിച്ചു കളഞ്ഞാലും അയിസ്സു ജലമാകും. അപ്പോഴം ഇവിടെ പററിപ്പിടിച്ചു നിൽക്കുന്ന തണുപ്പാണ് അയിസ്സിനെ

ജലമല്ലാതാക്കി കാട്ടുന്നതു്. ഇങ്ങനെ വിവരപ്പെടിത്തത്വമറിഞ്ഞു് തത്വാവിഷ്ക്കരണം കാട്ടണം.

അതുപോലെ പ്രബോധ മണ്ഡലത്തിൽ ബ്രഹ്മം ബ്രഹ്മത്തെ അറിയുന്നതിനു് മായയെ അവലംബിക്കയില്ലെന്നു മനസ്സിലാക്കണം. എന്തെന്നാൽ ബ്രഹ്മം തനി ബോധമാണ്. ബോധത്തിനു ബോധത്തെ അറിയണമെങ്കിൽപോലും വൃത്തി ജ്ഞാനത്തിനോ ഭ്രാന്തി ജ്ഞാനത്തിനോ അഥവാ മായാജന്യ ജ്ഞാനത്തിനോ അവിടെ പ്രവേശം കിട്ടുകയില്ല. വെളിച്ചത്തെ വെളിച്ചംകൊണ്ടു തിരക്കുന്നതുപോലെ യുക്ത്യാഭാസമെന്നിരിക്കെ ഇരുട്ടുകൊണ്ടന്വേഷിക്കലോ? അവിദ്യയാണ് മായ—മനസ്സാണതിന്റെ ബീജം. ഇതു രണ്ടും ഒന്നല്ലെന്നു വരുത്തിയാൽക്കൂടിയും പ്രകാശത്തെ മറ്റൊന്നുകൊണ്ടും തെളിക്കേണ്ടതില്ലല്ലോ, ബോധമതു സ്വയംകാട്ടും തത്വമതു വ്യക്തമാകും. മറ്റു് ഏതിനേക്കാളും വ്യക്തമാകും. മാനസവിലാസമൊന്നും ആയവയ്ക്കാവശ്യമില്ലതന്നെ. ഇതറിഞ്ഞാൽ പേടിതീരും.

മുമ്പൊരവസരത്തിൽ ഞാൻതന്നെ പറഞ്ഞിട്ടുണ്ടു് മൗനഭാഷവ്യക്തംചൊല്ലി—എന്നു്. ശബ്ദമോ ആംഗ്യമോ ഇല്ലാതെ അറിവു പകരുവാൻ കഴിയുമെന്നു് സംശയലേശമെന്യെ വിശ്വസിക്കാമെന്നു് ഉദ്ദേശമാണ് ഇതിനാൽ ഞാൻ വെളിച്ചത്തുകൊണ്ടുവരുന്നതു്. ഇതു് മറ്റേതു പ്രയോഗത്തെക്കാളും വേഗതയിലാണതാനും.

ഇതിനെ പിൻതാങ്ങുന്ന പുരാണകഥകളും കണ്ടെത്താൻ കഴിയും. ഇതിലൊരു കഥയിൽക്കൂടി ഈ പ്രകൃതത്തേയും യോഗജ്ഞാനങ്ങളുടെ മഹത്വത്തേയും നമുക്കു പഠിക്കുവാൻ ശ്രമിക്കാം.

ശ്രീരാമചന്ദ്രൻ പട്ടാഭിഷേകം കഴിഞ്ഞിരിക്കും കാലത്തിൽ അദ്ദേഹത്തെ കാണുവാൻ, ലോകരും, രാജാക്കന്മാരും, മുനിമാരും ഋഷികളും ധാരാളമായി വന്നുകൊ

ണ്ടിരിന്നു. ഒരു ദിവസം ശ്രീ നാരദമഹർഷി അവിടെ കടന്നുചെന്നു. അദ്ദേഹം സർവലോക സഞ്ചാരിയാക യാൽ ലോകചരിത്രങ്ങാം പലതും പറഞ്ഞക്കൂട്ടത്തിൽ താൻ വരുന്നവഴി ശ്രീഭുസുണ്ഡയോഗീശ്വരനെ കണ്ട തും അദ്ദേഹത്തിനെ ശ്രീരാമ സന്നിധിയിലേക്കു വരു വാൻ ക്ഷണിച്ചതും മററും വിവരിച്ചു. തനിക്കു ശ്രീരാമച ന്ദ്രനെ കാണേണ്ട ആവശ്യമോ ആഗ്രഹമോ ഇല്ലെന്നും മററും പറഞ്ഞതതേപടി ശ്രീരാമചന്ദ്രനെ ധരിപ്പിച്ചു. ഇതുകേട്ടു് അചഞ്ചലനെങ്കിലും താൻ അയാളോടൊന്നു ചോദിക്കതന്നെ എന്നു പറഞ്ഞു് കോദണ്ഡവും കുലച്ചു് ഇരിക്കുകയായി. നാരദൻ പറയുന്നതും, ശ്രീരാമ ചന്ദ്രൻ ക്രുദ്ധഭാവേന കോദണ്ഡവുമായി, തൻെറ ധിക്കാരത്തിനു് പകരം വീട്ടാൻ തിരിച്ചതും തൻെറ ബ ലത്താൽ അപ്പോഠംതന്നെ അറിയാൻ കഴിഞ്ഞ ശ്രീഭുസു ണ്ഡയോഗിവര്യൻ യോഗബലേന മനോവേഗത്തിൽ സഞ്ചരിക്കുവാൻ തുടങ്ങി. പക്ഷേ എവിടെയെല്ലാം ചെ ന്നു തിരിഞ്ഞു നോക്കിയോ അവിടെയെല്ലാം ശ്രീരാമച ന്ദ്രനും എത്തിനിൽക്കുന്നതാണു് കണ്ടതു്. ഈ വേഗത യെ ജയിക്ക സാദ്ധ്യമല്ലന്നു കണ്ട ശ്രീഭൂസുണ്ഡൻ എന്തും വരട്ടെയെന്നു കരുതി അവിടെ ഒരിടത്തിരുന്നു കൊടുത്തു. ശ്രീരാമചന്ദ്രനാകട്ടെ ക്രുദ്ധഭാവം കളയാ തെതന്നെ ആ കാക മഹാത്മാവിനെ രണ്ടു കൈകൊ ണ്ടും കോരിയെടുത്തിട്ടു് വാ പിളർന്നിട്ടു് വിഴുങ്ങുകയാ ണുണ്ടായതു്. അകത്തുചെന്ന ശ്രീഭുസുണ്ഡൻ കണ്ടതു് താൻ പഴയപടി തൻെറ വാസസ്ഥാനമായ മഹാമേരു ശിഖരത്തിലുള്ള കൽപവൃക്ഷക്കൊമ്പിൽ തൻെറ കൂട്ടിലി രിക്കുന്നതായിട്ടാണു്.

കഥയും സംഭവവും, ബോധവും യോഗവും മോ ഹനമായിട്ടവതരിപ്പിച്ചു വരച്ചു കാട്ടുന്ന ഈ വരികളിൽ ബോധപ്രഭ വിലസുന്നതു് എത്ര വ്യക്തം. ഇവിടം കൂട്ട തൽ പറയുന്നില്ല. ഇതു് അതിശ്രേഷ്ഠമായ ഒരു കഥയാ ണു്. യോഗസമാധികളെക്കൊണ്ടു നേടുന്ന അത്ഭുത പ്ര തിഭാസങ്ങളെ എത്ര ഭംഗിയായി ജ്ഞാനി ചെയ്തു

വിരാജിക്കുന്നു എന്നു കാണുക. എന്നാൽ ഇതെങ്ങനെ സംഭവിക്കുന്നു എന്നതെടുത്തുകാട്ടാൻ ശ്രമിക്കലാണ് ഞാൻ ചെയ്യുന്നതു്.

എങ്ങും നിറഞ്ഞു് പരിപൂർണ്ണനായി നിലകൊള്ളുന്ന പരമാത്മാവിനു് എങ്ങുമേ കണ്ണുള്ളവനു് എങ്ങുമേ കാതുള്ളവനു് എങ്ങുമേ ത്വക്കുള്ളവനു്, എങ്ങുമേ നാക്കുള്ളവനു് എന്നിങ്ങനെ വിവരിക്കപ്പെടുന്ന എങ്ങും നിറവുററിരിക്കുന്ന അഖണ്ഡബ്രഹ്മത്തിനു് ഒരു നിമിഷവും ഒന്നും അസാദ്ധ്യമായി ഇല്ല.

ഇതിനെ വീണ്ടും വിവരിക്കട്ടെ. എങ്ങും നിറഞ്ഞ പരിപൂർണ്ണ മണ്ഡലത്തി ഇൗ അററമെന്നോ ആ അററമെന്നോ ഇടംതലയെന്നോ വലംതലയെന്നോ പറയാൻ പ്രയാസമാണു്. മാത്രമല്ല ഒററവും കണ്ടെത്താനുമില്ല അതുകൊണ്ടിതിൻെറ മഹിമാവ് അന്വേഷിക്കാതെ വിടുകതെററുതന്നെയാണ്. ആകയാൽ നമുക്കിതിലേക്കു് അൽപം കടക്കാം.

പൂർണ്ണമായ വസ്തുവിലാണ് നമ്മുടെ അന്വേഷണം. വസ്തുവെന്നോ വസ്തുതത്വമെന്നോ ഒരുവിധേനയും ഗോചരമല്ലാത്ത വിധത്തിൽ സിദ്ധാന്തത്തിനും വിവരണങ്ങിനും വിധേയമല്ലാത്ത വിധത്തിൽ നിലകൊള്ളുന്ന ഒന്നത്രെ പൂർണ്ണം. എങ്കിലും ഇതും നാമന്വേഷിക്കുകയും പഠിക്കുകയും വേണ്ടതു തന്നെയാണു്. എത്ര വിദൂരമായ രണ്ടിടമെടുത്താലും പൂർണ്ണത്തിനു് അതു വിദൂരമല്ല അടുത്തതു തന്നെയാണു്. എന്തുകൊണ്ടെന്നാൽ പൂർണ്ണതയുടെ വിദൂരത അന്തമററതെന്നു പോലും പറക സാദ്ധ്യമല്ല. ദൂരത അതിലവഗണനീയമാണു്. അറിവിനു് ആയതൊന്നും വിദൂരതയല്ല. കാലമില്ലായിടം, ദേശമില്ലായിടം. അതിനു വിദൂരമെവിടെ. പിന്നെത്തെ കാര്യം അതിൻെറ പോക്കുവരവുകളാക്കു്, അതിനൊന്നും ചെയ്യേണ്ടതില്ല അന്വേഷിക്കേണ്ടതുമില്ല. എന്തെന്നാൽ അതു് പൂർണ്ണവും സർവജ്ഞ

വും സർവശക്തവുമാണ്. ഈവിധേനയുള്ള അത്ഭുത പ്രതിഭാസം ചിന്താതീതവുമാണ്. സർവവിവരണവും മാനസ വലയത്തിലാണ് അതനന്തതയിലല്ല, പൂർണ്ണവുമല്ലാ.

അതും വിവരിക്കാം. കടലിൽ സൂര്യപ്രതിബിംബം കാണാം. പാത്രജലത്തിലും ചിമിഴിലിലും ചെപ്പിലും കാണാം. ഇതെല്ലാം സൂര്യപ്രതിബിംബങ്ങളാണ് സൂര്യനാകയില്ല. അതായത് ബിംബമാകയില്ല. ബിംബം പതിക്കയില്ല പ്രതിബിംബം പതിച്ചതാണ്. സൂര്യൻ. പതിച്ചാൽ കടൽ പുകഞ്ഞുപോകും. വെള്ളമെന്നൊന്ന കാണാൻ പോലും കിട്ടുകയില്ല. ആയതുപോലെ മാനസജലത്തിൽ മായാസമുദ്രത്തിൽ ആത്മാ വീഴുകയില്ല. ആത്മാ പ്രവേശിച്ചാൽ മായയെ കണികാണാൻ കിട്ടുകയുമില്ല. ആകകൊണ്ടാണ് ''മായയിൽ പ്രതിബിംബിതനീശ്വരൻ മായക്കൊട്ടുമധീനനല്ലായവൻ'' എന്നു പറയുന്നത്. ജഗത്ത്, ജീവൻ, ഈശ്വരൻ, ആത്മാ, പരമാത്മാ, ബോധം, ബ്രഹ്മം ഇവയെല്ലാം ഒന്നെന്നുവന്നാൽ ഒട്ടാശ്വാസം കിട്ടിയേക്കാം. അതും നോക്കാം.

''അനുഭൂതേർ വേദനസ്യ
പ്രതിപത്തേ യഥാവിധം
പ്രത്യക്ഷമിതിനാ മേഹ
കൃതം ജീവ:സ ഏവന:

സ ഏവ സംവിത്സ
പ്രമാനഹന്താപ്രത്യയാത്മക:
സയദോദേതി സംവിത്യാസ
പദാത്ഥ ഇതി സ്മൃത

സ സങ്കല്പ വികല്പാദ്യൈ:
കൃത നാനാക്രമോ ഭ്രമൈ:
ജഗത്തയസ്പുര ത്യംബു
തരംഗാതിതയാ യഥാ

പ്രാഗകാരണ മേ വാഗ്രേ
സർഗാദൗസർഗ ലീലയാ
സ്പൃഷ്ടിത്വാ കാരണം ഭൂതം
പ്രത്യക്ഷം സ്വയമാത്മനി''

ബണ്ഡോയ ദൃശ്യസദ്ഭാവാത്
ദൃശ്യാഭാവേ നബന്ധനം.

മായ മനസ്സുതന്നെയാണ്, അതാത്മാവിൻെറ കൂടെ പിറവിയാണ്. ആത്മാവുണ്ടെങ്കിൽ അതുമുണ്ട് എന്നൊരു വാദമുണ്ട്. അതങ്ങനങ്ങു ധരിക്കരുതു്. പ്രകാശമുണ്ടെങ്കിൽ നിഴലുമുണ്ട്. പ്രകാശമുണ്ടെങ്കിൽ ഇരുട്ടമുണ്ട്. ഇതും അങ്ങനങ്ങു ശരിയെന്നു സമ്മതിക്കരുതു്. പ്രകാശത്തെ പ്രകാശം കൊണ്ടു വേധിക്കണം. അവിടെ നിഴലിലിരുട്ടില്ല. ബോധത്തെ ബോധം കൊണ്ടു വേധിക്കുന്നിടത്തും ബോധമല്ലാതെ ബോധക്കേടെങ്ങും കണ്ടുമുട്ടുകയില്ല. ''ജ്യോതിസാം ജ്യോതിഃസന്നും, പ്രതിബോധ വിധിതം എന്നും മററും ശ്രുതികൾ പലതവണ പറയുന്നുണ്ട്. ഇങ്ങനെ സ്പുടം ചെയ്തു ബ്രഹ്മത്തെ അറിയണം. ഇപ്രകാരമാണെങ്കിലെ അറിഞ്ഞു തെളിയലാവു. ഇവിടെ സമാധിസ്ഥനറിയും ജ്വാലയില്ല. ഉന്നതസമാധിയിലതു വ്യക്തമായറിയും. ആയതുപോലെതന്നെ വ്യക്തമായ് അറിഞ്ഞു തെളിയുകയും വേണം. മന്ദലപ്രകാശമെന്നവണ്ണം നിറവുററുനിലകൊള്ളുകയത്രെ ബ്രഹ്മം അഥവാബോധം. ബ്രഹ്മത്തെ സച്ചിതാനന്ദമായിട്ടാണ് സാക്ഷാത്കരിക്കുന്നതു്. അതിനു് ലക്ഷണ ബ്രഹ്മമെന്നും പറയും.

എന്നാൽ ബോധത്തെ എങ്ങനെ സാക്ഷാത്കരിക്കും? അനുഭവത്തിലാണ് അതിൻെറ സാക്ഷാത്കാരം ഉടലെടുക്കുന്നതു്. ശ്രീധരൻെറ അഭിപ്രായത്തിൽ സത്തും ആനന്ദവും ചിത്തിൻെറ അഥവാ ബോധത്തിൻെറ വിശേഷലക്ഷണങ്ങൾ മാത്രമാണ്. എന്തുകൊണ്ട് എന്നതൊരു ഗഹനവിഷയമാണ്. ആനന്ദം അനുഭവഗോചര

മാണ്. നിത്യത അനിത്യ വസ്തുരാഹിത്യത്താൽ കണ്ടുകിട്ടുന്നതാണ്. രണ്ടും ബോധപ്രകാശിതമാണ്. അല്ലാതെ സ്വയമല്ല. ബോധമോ എന്നു ചോദിച്ചാൽ ബോധമേ ഉള്ളെടോ എന്നു ചൊല്ലുമേ, ഉണ്മബോധത്തിനെ ഉള്ളെടോ. ഇനിയും ചില പാഠങ്ങൾ നല്കാം. മനസ്സിരുത്തി പിൻതുടരുക. രശ്മി പ്രഭ എടുത്താൽ അതിനു സൂര്യനിൽ തീവ്രത കൂടിയും മററിടങ്ങളിൽ തീവ്രത കുറഞ്ഞും കാണും. എന്നാൽ ബോധപ്പൊരുളങ്ങനെ അല്ല. അതു് ഏതിടത്തിലും ഒന്നു പോലെ തീക്ഷ്ണമായിരിക്കും. ഇപ്രകാരേണയുള്ള ബോധത്തിന്റെ അഹമായ് നിന്നറിയും ബോധമാണാത്മാ. അറിഞ്ഞു തെളിയേണ്ടും ബോധവുമിതുതന്നെ. ഇവിടം വിവരണാതീതമാണ്. കർമ്മം വിഘടിച്ച ഇടത്തിൽ കർമ്മം പിരിഞ്ഞ ഇടത്തിൽ മാനസപ്രക്രിയക്കിടമില്ല. അതിനാൽ ഇതു് മാനസഗോചരമോ വിവാദവിഷയമോ ആകുക പ്രയാസമത്രേ. ഇവിടെ ധ്യാനമില്ല മനനമില്ല,താനില്ല, അതില്ലിതില്ല ഏകമാം അഹമോ—ആത്മാവോ, ബ്രഹ്മമോ ഏതു വേണേലും ആകട്ടെ അതത്രെ ബോധപൊരുൾ. ഇതിനെ ആത്മാവായ് അഹമായറിഞ്ഞുണരുകയത്രെ ഉത്തമ ധർമ്മം.

അടിച്ച വഴിയേ പോയില്ലെങ്കിൽ പോയ വഴിയെ അടിക്കലല്ല വേദവേദന്ത പൊരുൾ കാട്ടുന്നതു്. പക്ഷേ ലോകനിലനിൽപിനോ മറേറാ ആയിരിക്കാം. ശ്രുതി ഓതും വഴിപോകാതെ പോകും വഴി ശ്രുതി വ്യാഖ്യാനിക്കപ്പെടുന്നതു്.

ഇന്നു കാണുന്ന കുഴപ്പങ്ങൾക്കെല്ലാം കാരണം ഇത്തരം വ്യാഖ്യാനങ്ങളാണ്. ബോധം നാനാവിധേന കണ്ടെത്തുകകൊണ്ടു് ബോധം നാനാതരത്തിലുള്ളതെന്നു വരുകയില്ല. ഉപാധി പലതായാലും ബോധമൊന്നുതന്നെയല്ലോ. പ്രതിബോധവിദിതം ബ്രഹ്മമെന്നതും ബോധനിർവചനമാണല്ലോ. ബോധംതോറും അറിയപ്പെടുന്നതു് ബോധം. പഞ്ചേന്ദ്രിയ വിഷയമായും,വചോ വിഷ

യമായും മനോവിഷയമായുമറിയുമറിവെല്ലാം ഒരേ ഒരു ബോധം തന്നെ ആണല്ലോ. ഇതെല്ലാമറിഞ്ഞതുകൊണ്ടെന്താ വിശേഷം? അതും സാവധാനമറിയാറാകും. എന്നാൽ നമുക്ക ചോദിക്കാം:—

ജീവനിതെല്ലാംകൊണ്ടെന്തു പ്രയോജനമാണുള്ളതു്?

വീണ്ടും നമ്മേ ലോകേ ജീവിക്കാൻ വിളിക്കയില്ലെന്നെന്താണുറപ്പു്?

ബ്രഹ്മം പ്രകപോലിരുന്നാലും അമിട്ടകററിയിൽ നിന്നും കാഴ്ചയില്ലാതെ ശബ്ദം മാത്രം കേട്ടാലും കേളനെന്തേ വിശേഷം?

അനന്ത മോചനമേ ആവശ്യമുള്ളു. അതുമാത്രമാണവൻെറ ആത്യന്തികാഭിലാഷം. ചില ആചാര്യന്മാർ ശിഷ്യരെ പ്രലോഭിപ്പിച്ചു പരീക്ഷിക്കുംപോലെ വേദവേദാന്തങ്ങളും നിത്യമുക്തിയൊഴിച്ചേതും സുവ്യക്തം പ്രതിപാദിക്കുകയും മററവ തുക്കുകയും ചെയ്യേണ്ട കാര്യമെന്തു്? ഇതിനു് നമ്മുടെ പൂർവന്മാർ നമുക്ക ചെയ്തിരിക്കുന്ന സംഭാവന എന്തു്? സമ്പാദ്യമെന്തു്. അതാരായാം നമുക്കു്.'

അവർ വേദത്തിലൂടെയും വേദാന്തത്തിലൂടെയും ദർശനങ്ങളിൽക്കൂടിയും അനവധി അനവധി കാര്യങ്ങളും നമ്മുടെ മുമ്പിൽ നിരത്തിവെയ്ക്കുന്നുണ്ടു്. ഇതെല്ലാം പഠിക്കാം. ഈ എഴുതുന്നതു് എല്ലാ ജിജ്ഞാസുവിൻെറയും ആവശ്യം പുരസ്ക്കരിച്ചാണു്. എൻെറയും.

പൂർണ്ണത്തിൻെറ അവതരണത്തോടെയാണു് ഈശാവാസ്യമുടലെടുക്കുന്നതു്. പൂർണ്ണം പൂർണ്ണത്തിൽനിന്നും അവതരിച്ചതുപോലെയത്രെ ബ്രഹ്മമാം പൂർണ്ണത്തിൽനിന്നും ആത്മാവവതരിക്കപ്പെടുന്നതു്. ആത്മാവതരണംകൊണ്ടു് പൂർണ്ണമാം ബ്രഹ്മത്തിനു് ആപൂർത ഒന്നും ഒട്ടുപോലുമേ ഉണ്ടാകുന്നില്ല. എന്നാൽ പൂർണ്ണ

ത്തിൽ കണ്ട ആത്മാവും പൂർണ്ണമാവതെങ്ങനെ എന്ന താണ് നമ്മുടെ വിഷയം.

ഇൻഫിനിററിൽനിന്നും ആവിർഭവിക്കുന്ന സംഖ്യ കഠം പൂർണ്ണമാവാത്തതുപോലെ ബ്രഹ്മത്തിൽനിന്നു മാവിർഭവിക്കുന്ന ആത്മാക്കഠം അൽപന്മാരായിക്കൂടെ.

ഈ വാദത്തിനു ലോകസമ്മതമുണ്ട്. വേദസമ്മതമു ണ്ടെന്നു പറയുന്നവരുണ്ട്. ഈ ആശയത്തെ ഉടച്ചുവാർക്കാ നാണ് നമ്മോട് ഭാരതാംബ നിർദ്ദേശിക്കുന്നതെന്നുതന്നെ പറയാം. ഇതിനു് ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുന്ന മാതൃ കയിലുള്ളതോ കപട, ജല്പന, വിതണ്ഡ വാദമോ, എടുത്തു തൊടുക്കാതെ നമുക്ക് സത്യന്യായ ദർശനങ്ങ ളെതന്നെ ആശ്രയിച്ചു നീങ്ങാം.

ഇതിനു് ആദ്യമായി നവീനലോകം കണ്ടെത്തിയ ഇൻഫിനിററിനെ പരിശോധിക്കാം.

ഇൻഫിനിററ് എല്ലാതരത്തിലും പൂർണ്ണമാകുന്നില്ല ആകയാൽ അതു പൂർണ്ണമല്ല. എന്തെന്നാൽ അതിനു് ബ ഹിർഭാവമുണ്ട്. സംഖ്യകഠം വെളിക്കേക്കൊണ്ടു വന്നുചാ ടുന്നതു്. ഇൻഫിനിററിനു വെളിക്കുള്ളതാണ് സർവസം ഖ്യകളും. ഇവയ്ക്കൊന്നിനും ഇൻഫിനിററിന്റെ സഹാ യമോ പരിചരണമോ ലഭിക്കുന്നില്ല. ഇൻഫിനിററെന്ന തു് അന്തമററതു് മുതലായ വാക്കുകഠംക്കു് അതായതു് മനോഗോചരമല്ലാത്തതുകളിൽ ചിലതിനു് സംജ്ഞാപ രമായ ഒരു നാമമെ കാണേണ്ടതുള്ളു.എന്തെന്നാൽ ഇൻഫി നിററ് അതിന്റെ രക്ഷയെ ചെയ്യുന്നുണ്ടെങ്കിലും അന്യര ക്ഷചെയ്യുന്നില്ല. ഇൻഫിനിററിൽനിന്നും ഏതിനെ എടു ത്താലും ഇൻഫിനിററ് ഇൻഫിനിററു തന്നെ. അങ്ങനെ ഇൻഫിനിററു രക്ഷപ്പെടുന്നുണ്ടെങ്കിലും അതു് മററുള്ളവ യെ രക്ഷിക്കുന്നില്ല. അതാണ് ഞാൻ പറഞ്ഞതു് ഇൻ ഫിനിററിനു ബഹിർഭാഗമുണ്ടെന്നു് തെളിവുണ്ടെന്നു്. എന്നാൽ പൂർണ്ണം അങ്ങനെയല്ല. പൂർണ്ണത്തിൽനിന്നും ഉത്ഭൂതമാകുന്നവയും പൂർണ്ണം തന്നെയാണ്. കാരണം

ഏതിനെ എടുത്താലും ഏതിനെ കണ്ടാലും അതിൽതന്നെ നിലകൊള്ളുകയാണ്. വെളിക്കുപോകുവാനിടമില്ല. പൂർണ്ണത്തിനപൂർണ്ണത സാദ്ധ്യമല്ലായ്കയാൽ പൂർണ്ണത്തിൽ നിന്നും ഉൽഭ്രമാകുന്നതേതും പൂർണ്ണം തന്നെ ആകകൊണ്ടാണ് ബ്രഹ്മത്തിൽ അവിർഭവിച്ചതായി കാണപ്പെടുന്ന ആത്മാക്കളെല്ലാം പരിപൂർണ്ണമെന്നു ശ്രുതിഘോഷിക്കുന്നത്. ആകയാൽ മുക്തിക്കു പരിപാടി വേറെ വേണ്ട. ആത്മാവു നിത്യമുക്തനാണ്. അതിനു നാമരൂപാധികരം ശ്രുതിസമ്മതവുമല്ല. ഇതറിയുമാത്മാ സ്മരണ മണ്ഡലത്തിൽ താൻ ബ്രഹ്മമല്ല ബ്രഹ്മമായില്ലയെന്നും ഞാൻ ബ്രഹ്മമായോ എന്നും മററും വിപരീതഭാവനയോ സംശയഭാവനയോ വച്ചു പുലർത്തരുത്. നാം വിശ്വസിച്ചു നിന്നാൽ അതുവഴി എല്ലാമാണെന്നു ബോദ്ധ്യപ്പെടും. മിഥ്യാജ്ഞാനമകലും. അത്യന്തം ദുരിതപൂർണ്ണമായ ഈ ലോകത്തിൽ വച്ചുതന്നെ ഈ വിപരീതബോധവും സംശയഭാവവും തകർക്കപ്പെട്ടാൽ മുക്തിക്കു നിത്യത സംഭവിക്കും എന്നും അല്ല തന്റെ നിത്യത തന്നെ എന്നും ബോധ്യം വരും. അഥവാ വിപരീത മിഥ്യാബോധ്യം വിടപറയും.

ബ്രഹ്മത്തിനു വികാരാദികളില്ലല്ലോ പിന്നെങ്ങനെ ബ്രഹ്മത്തിൽ ആത്മാവാവിർഭവിക്കും. നിത്യേന ആത്മാക്കരം അനുഭവപ്പെടുന്നുമുണ്ടല്ലോ. ത്രികാലജ്ഞാനികളായ വസിഷ്ടാദികരം, ആവിർഭാവമുണ്ടായിട്ടില്ലെന്നാണ് അഭിപ്രായപ്പെടുന്നത്. ഇതുകൊണ്ടുദ്ദേശിക്കുന്നതു് ബ്രഹ്മത്തിൽനിന്നു വേറിട്ടൊന്നും ആത്മാക്കളായി നിലനിൽക്കുന്നില്ല, എന്നാണ്. ഇതല്പംകൂടി വിവരിക്കാം. ചക്കക്കുരു അടുപ്പിലിട്ടു ചുട്ടെടുക്കാൻ ശ്രമിക്കുന്ന പിഞ്ചുകുഞ്ഞുങ്ങരം അയ്യത്തുള്ള ചുള്ളികരംപെറുക്കി തീ എല്ലാം ചിതഞ്ഞു് ഇളക്കിചക്കക്കുരു കണ്ടുപിടിക്കുംപോലെ നമുക്കു ചിലതെല്ലാം വെളിച്ചത്തെടുക്കാം. ബ്രഹ്മം നിർവിഷയമാണ്. പക്ഷേ സത്യമതിന്റെ ലക്ഷണത്തിൽ പെടുന്നു. ജ്ഞാനം അതിന്റെ ലക്ഷണത്തിൽ പെടുന്നു, ആനന്ദവും അതി

ന്റെ ലക്ഷണത്തിൽ പെടുന്നു. സത്യജ്ഞാനാനന്ദാമൃതം ബ്രഹ്മമാണല്ലോ. അതുപോലെ ഏഷസർവ്വേശ്വര, ഏഷവർജ്ഞ ഏഷോ അന്തര്യാമ്യേഷയോനി: സർവ്വസ്യപ്രഭവപ്യയൗഹി ഭൂതാനാം എന്നു് മാണ്ഡൂക്യത്തിലുമൊരു പാഠമുണ്ടല്ലോ

ഇങ്ങനെ സർവേശ്വരനും സർവ്വജ്ഞനും, സർവഭൂതങ്ങൾക്കും ഉത്ഭവലയസ്ഥാനവുമായ ബ്രഹ്മം അറിവുതന്നെയാകയാൽ എവിടേയുമതിനറിയാനും കാണാനുംകേൾക്കാനും കഴിയണമല്ലോ. അങ്ങിനെയുള്ള അറിവിനെ ആത്മാവായി വിവരിച്ചതിൽ തെറ്റെന്തു്? അറിയുന്നറിവത്രേ അതു് ആകയാൽ അതു് ബ്രഹ്മം നാനാതരത്തിൽ അറിവു പ്രകാശിപ്പിക്കുന്നു എന്നല്ലാതെ അതിനു് ഭ്രഷ്ട് ഒന്നുമേ സംഭവിച്ചിട്ടില്ലല്ലോ പരിണമിച്ചിട്ടുമില്ലല്ലോ.

പൂർണ്ണം വിട്ടാൽ പിന്നെ ഉദയം ചെയ്യുന്നതു്—
ഓം ഈശാവാസ്യമിദം സർവം
യത്കിം ച ജഗത്യാം ജഗത്
തേനത്യക്തേന ഭുഞ്ജീഥാ:
മാഗൃധഃകസ്യസ്വിദ്ധനം.'

എന്ന മന്ത്രത്തിലെ—'തേനതീക്തേന ഭുഞ്ജീഥാ' എന്ന വാക്യഭാഗമാണ്. ഇവിടെ സൂചിപ്പിക്കുന്ന ഭാവം തൻേറതല്ലാത്ത എല്ലാത്തിനേയുമുപേക്ഷിച്ചിട്ടു് അവ ശേഷിക്കുന്ന ശേഷനെ ആത്മാവിനെ അനുഭവിച്ചാനന്ദിക്കുക എന്നതാണ് ഈ ഭാവാനന്തരം ഉദയം ചെയ്യുന്നതു്. 'അഹം ബ്രഹ്മാസ്മി' തുടങ്ങിയ ഭാവങ്ങൾ. ഇവിടെ 'ബ്രഹ്മത്തിൽ നിന്നും വിട്ടുപോയിട്ടില്ലാത്തതും വിട്ടുപോകാൻസാദ്ധ്യമല്ലാത്തതുമായ ആത്മാ ബ്രഹ്മംതന്നെ ആകകൊണ്ടു് അതു് ബ്രഹ്മമാം പൂർണ്ണംതന്നെ. എന്തെന്നാൽ വിട്ടുപോയിട്ടില്ലാത്ത ആത്മാബോധംതന്നെ ബ്രഹ്മവും ബോധംതന്നെ. ബോധത്തേയും ബോധത്തേയും വേർതിരിക്കുന്ന ഇടം

ബോധത്തിലില്ലാ ആത്മാവിനില്ല ബ്രഹ്മത്തിനില്ല എല്ലാം ഒന്നാണ താനും.

'ആ സൂര്യോ നാമതേ ലോകാ
അന്ധേന തമസാ/വൃതാ:
താംസ്തേ പ്രേത്യാഭിഗച്ഛന്തി
യേകേ ചാത്മഹനോജനാ:'

ആസൂര്യങ്ങളായ, ബോധശൂന്യമായിട്ടറിയപ്പെടുന്ന ലോകം, അന്ധകാരംനിറഞ്ഞ ശൂന്യാവൃതമായിട്ടിരിക്കുന്നു. ആത്മഹന്താക്കളായ ജനം മരണാനന്തരം അവയേ അപ്രകാരേണയുള്ള ന ലയങ്ങളെ പ്രാപിക്കുന്നു.

'അനേജദേകം മനസോജവീയോ
നൈനദ്ദേവാ ആപ്നുവൻ പൂർവമർഷത്
തദ്ധാവതോ/ന്യാനത്യേതിതിഷ്ഠ
തസ്മിന്നപോമാതിരിശ്വാദധാതി'

ആ ആത്മതത്വം ചലിക്കപ്പെടാത്തതും ഏകവും സങ്കല്പം മുതലായ മാനസ പ്രകൃിയകളെക്കാരം വേഗതയോടു കൂടിയതും ആയ ആ ആത്മതത്വത്തെ ദേവന്മാര റിഞ്ഞിട്ടില്ല. അതു് മുമ്പിനാലേ കടന്നിരിക്കകൊണ്ടു് അതു് നിന്ന നിലക്ക തന്നെ ഓടുന്ന ഏതിനെക്കാളും വേഗത്തിലതിഗമിക്കുന്നു, അതിൽ മാതരീശ്വാവു് അഥവാ വായു അപ്പുകളെ വിഭജിക്കുന്നു. അഥവാ വേർതിരിക്കുന്നു. ഇതു് അത്യന്തം ശ്രദ്ധേയമായ ഒരു സൂചനയാണ് നമുക്ക തരുന്നതു്. ഇവിടെ ആകാശത്തെയും വായുവിനേയും അതിനോടനുബന്ധിച്ചു് മറ്റെല്ലാ ഭൂതങ്ങളേയും വിശേഷേണ കാട്ടുന്നുണ്ടു്. മാതിരിശ്വാവിൻെറ കർമ്മമായിട്ടു് ഈ ലോകത്തിലെ സർവഭൂതങ്ങളുടേയും വിവിധങ്ങളായ പ്രാണിവർഗ്ഗത്തിൻെറ പ്രവർത്തനത്തിനു് പദ്ധതി ഒരുക്കികൊടുക്കുന്നതായിട്ടാണ് കാട്ടുന്നതു്. ആകാശം സർവത്തെയും ഉളംകൊണ്ടു വിശ്വ വി

ശാലമായി നിലകൊള്ളുന്നുവെങ്കിലും അതിന്റെ മഹിമാനം ഇവിടെ അത്ര വിശദീകരിച്ചു കാട്ടുന്നില്ല. എന്നാൽ പ്രാണനെ സൂത്രരൂപേണ എങ്കിലും ആഴത്തിൽ കാട്ടുന്നുണ്ടു്. കാരണം ഈ പ്രാണശക്തി അത്ഭുതകരമായതും മറ്റെല്ലാ ഭൂതങ്ങൾക്കും പ്രാണിസമൂഹത്തിനും ഇതാണ് പ്രവർത്തന ശേഷി പകുത്തുകൊടുക്കുന്നതു്.

ഇതിനെ അല്പം പഠിക്കാം. ഈ വായുതത്വം മറ്റെല്ലാ ഭൂതങ്ങളേയും വിഘടിപ്പിച്ചു് പ്രവർത്തനങ്ങളിലേർപ്പെടുകയും മറ്റുള്ളവയെ പ്രവർത്ത്യോന്മുഖമാക്കുയും ചെയ്യുന്നു. സാധാരണ രീതിയിൽ തന്നെ അപ്പിനെ നീരാവിയാക്കി വായുസമാനമാക്കി പറത്തുന്നു. എന്നാൽ ഇതല്ല മറ്റു പല വിശേഷ പ്രവൎത്തനത്താലും ഇതു് വായുവർഗ്ഗസംരക്ഷണത്തെ ചെയ്യുന്നുണ്ടു്. കറണ്ടു് വെള്ളത്തിൽ കടത്തി വിട്ടാൽ അതു് വെള്ളത്തെ പ്രാണവായുവായും ഉദ്ജനസഹ വായുവായും മാറ്റുന്നുണ്ടല്ലോ. ആയപോലെ ശരീരാന്തർഗതനായ വായു, പ്രാണൻ എന്തൊക്കെയാണു കാട്ടിക്കൂട്ടുന്നതു്: ഉള്ളിൽ ചെല്ലുന്ന അന്നത്തെ അതിന്റെ മൂലകങ്ങളായ അണുക്കളായി മാററി അതിനെ അസ്ഥിക്കും മാംസത്തിനും, മജ്ജയ്ക്കും രക്തത്തിനും എന്നല്ല മനസിന്റെ പരമപ്രധാന ഘടകമാക്കിമാററി അതിന്റെ പ്രവർത്തനങ്ങൾക്കും നിയാമകമാക്കുന്നു. അതുപോലെ അപ്പിനെ അതിന്റെ മൂലകങ്ങളായിമാററി അതിൽനിന്നും ജന്യമായ അണുസംഘാതത്തിനെ തന്റെ തന്നെ പോഷക ചൈതന്യമായി സ്വീകരിച്ചു് സ്വയം പുഷ്ടിയെ പ്രാപിച്ചു നിലകൊള്ളുന്നു. ശരീരത്തിന്റെ എല്ലാ ആവശ്യങ്ങളും നിർവഹിക്കുവാൻ പരമപ്രധാനമായി നിലകൊള്ളുന്നതു് പ്രാണൻ തന്നെയാണ്. ജീവൻ, ശരീരം വെടിയുമ്പോൾ എന്റെ പ്രാണൻ പോകുന്നു എന്നാണ്പറയുന്നതു്. ഇങ്ങനെ പരമപ്രധാനമായി ജീവനുസമാനമായി നിലകൊള്ളുന്ന ഒരു വസ്തുതത്വമാണ് പ്രാണൻ അഥവാ വായു.

വീണ്ടും നമുക്കാത്മശക്തിയിലേക്കു കടക്കാം. ജീവനു് രണ്ടു ഘടകമാണുള്ളതു്. ഒന്നു് ആത്മാവിന്റെ

ഊർജ്ജസ്രോതസ്സായിട്ടറിയപ്പെടുന്ന സ്ഥൂലസൂക്ഷ്മ കാരണദേഹങ്ങളും അതിൻെറ ശക്തിവിശേഷങ്ങള മാണ്. ഇതു് ജഡപ്രധാനമാണ്. എന്നാൽ ആത്മാവാകട്ടെ ജീവൻെറ ചൈതന്യ വിഭാഗത്തിൽ അതായതു് ബോധ വിഭാഗത്തിൽപെടുന്നതാണ് . മുൻമന്ത്രംകൊണ്ടു ശ്രുതി ഇതിനെ വ്യവച്ഛേദിച്ചു കാട്ടുകയാണു ചെയ്യുന്നതു്.

ഇങ്ങനെ കണ്ടുകൊണ്ടു മുൻമന്ത്രം പഠിക്കുക. അപ്പോൾ അതു കൂടുതൽ വ്യക്തമാകും. ആ രീതിയിൽ ഞാൻ നിങ്ങളെ മുന്നോട്ടു് കടത്തിക്കൊണ്ടു പോകാം. ജീവൻെറ പ്രാണനിലെ ഊർജ്ജശക്തി പ്രകടമായി കാണുന്ന മനോവിലാസത്തെ തന്നെ എടുക്കാം. മനോവേഗത എന്നാൽ അതിൽ കൂടിയ ഒരു വേഗത ഒരു തരത്തിലും ഗോചരമല്ല. അതിനെ ആത്മാവെങ്ങനെ മുന്നിടും. സൂര്യൻ എന്നു തോന്നുമ്പോൾ തന്നെ മനസ്സു് സൂര്യനിലെത്തലാണു്. ഈ വേഗതയെ കടന്നൊരു വേഗത എങ്ങനെ? ഇതും ബോധമണ്ഡല വിവരണ വിധേയമാണു്.

മനസ്സതിസൂക്ഷ്മമാണ്. തനി സാത്വികാംശമാണു്. പദാർത്ഥാകാരം അതിനില്ലെങ്കിൽ തന്നെയും വികാരവിജൃംഭിതാകാരം അതിനില്ലെന്നു പറക വയ്യ. അതു് സർവദാ പ്രവർത്തനോന്മുഖമാകകൊണ്ടു് അതിനു് അതിസൂക്ഷ്മനിലയിലെങ്കിലും വിഷയതത്വമുണ്ടു്. അന്നപചനത്താലുണ്ടാകുന്ന ഒരണുസംഘാതം മനസ്സിനെ പുഷ്ടിപ്പെടുത്തുന്നതായി ശ്രുതി പറയുന്നുമുണ്ടു്. ആകയാൽ അതു് പദാർത്ഥത്തിൽ പെടും. ഇപ്രകാരമുള്ളമനസ്സു് ജഡ പ്രധാനത്തിൻെറ സന്തതിയാണ്. ആകയാൽ അതു പ്രവർത്തിക്കണമെങ്കിൽ ചൈതന്യത്തിൻെറ സഹായം കൂടിയെ തീരു. ആ നിലയിൽ മനസ്സിനു് സൂര്യബോധമാദ്യം വേണം. തിരിക്കലെന്ന പ്രക്രിയ വേണം. അതിലെത്തിച്ചേരലെന്ന അവസ്ഥാന്തരം വേണം. അതുസാധിക്കാനുള്ള ബോധവും വേണം. അതിലേക്കെടുക്കുന്ന സമയമെങ്കിലും ആത്മാവിനു ലാഭ

മുണ്ട്. അതു് ബോധമാകയാൽ അതിന്നന്യാശ്രയം ഒന്നുംതന്നെയില്ലാതെ അതവിടെ എത്തിയിരിക്കും.

'തദേജതിതന്നൈജതി
തദ്ദൂരെ തദ്വന്തികേ
തദന്തരസ്യസർവസ്യ
തദ്ദസവർവസ്യാസ്യബാഹ്യത'

അതു ചലിക്കുന്നു. അതു ചലിക്കുന്നില്ല. അതു ദൂരത്തിലുണ്ട്. അതടുത്തുമാണു്. ഈ ആത്മതത്വം എല്ലാററിന്റെയുമുള്ളിലുണ്ടു് അതെല്ലാററിന്റെയും പുറമെയുമുണ്ടു്. ഇങ്ങനെ മുമ്പു നാം പഠിച്ച മന്ത്രത്തിലെ തത്വം കൂടുതൽ വെളിവാക്കുന്നു. ഇതു ബ്രഹ്മനിലയും ദേശനിസ്സാരതയും വെളിപ്പെടുത്തുകയുമാണ്. അതുപോലെ ആത്മാവിന്റെ ബൃഹത്ഭാവം വെളിപ്പെടുത്തുന്ന ആത്മബോധോപനിഷത്തിലെ ഒരു മന്ത്രംകൂടി നമുക്കിവിടെ പഠിക്കാം.

'യാവാൻ വാ അയമാകാശസ്താവാ
നേഷോഽന്തർഹൃദയാകാശ:
ഉഭേഅസ്മാൻദ്യോവ
പൃഥിവീഅന്തരേവ
സമാഹിതേ ഉഭാവഗ്നിശ്ച
വായുശ്ച, സൂര്യചന്ദ്രമസാവു
ദൗവിദ്രുന്നക്ഷത്രാണി
യച്ചാസ്യേഹാസ്തിയച്ചാ
നാസ്തിസരവംനദസ്മിൻ
സമാഹിതമിതി.'

ഈ ഭൗതികാകാശം എത്രത്തോളമുണ്ടോ അത്രതന്നെയുണ്ടു് ഈ ഹൃദയാന്തർഭാഗത്തുള്ള ആകാശവും, ദ്യോവും പൃഥിവിയും അഗ്നിയും വായുവും സൂര്യനും ചന്ദ്രനും വിദ്യുത്തും നക്ഷത്രങ്ങളും യാതൊന്നു് ഈ ലോകത്തിലു

ണോ? അതും ഏതില്ലയോ അതുംഹൃദയത്തിലുള്ള ആകാശത്തിൽ തന്നെ സ്ഥിതിചെയ്യുന്നു. ഇവിടെ വിശാലവിശാലമായ ദേശദേശാന്തരം വ്യാപിച്ചു നിൽക്കുന്ന ആകാശം അതേ വ്യാപ്തിയോടെ ഈ ഹൃദയാന്തർഭാഗത്തിലും നിലകൊള്ളുന്നു. ഇവിടെയും ദേശത്തിന്റെയും മററും നിസ്സാരത എത്രമാത്രമെന്നു് കാട്ടിത്തന്നു വിരാജിക്കുന്നു.

ഇതു ദേശത്തിന്റെ നിസ്സാരത. ഇതുപോലെ തന്നെ കാലത്തിനും ആത്മാവിൽ പിടിയില്ലെന്നു സാധാരണ മനുഷ്യർക്കുപോലും വ്യക്തമായറിയാൻതക്കഉദാഹരണങ്ങൾ ലൗകിക തലത്തിൽപോലുമുണ്ടു്. നാടു പുറപ്പെട്ടു പോയി അനേകകാലം അലഞ്ഞു തിരിഞ്ഞിട്ടു് ടെവിൽ അഗ്നിപ്രവേശം മുതലായ അതിസാഹസം കാട്ടുമ്പോൾ വെളിവാർന്നുണർന്നു് 'അല്ലേ എത്രകാലത്തെ ദുരിതങ്ങളാണ് ഈ ജ്ഞാനലപ്പ നമയം കൊണ്ടു കണ്ടുമറച്ചതു്'എന്നനുഭവപ്പെടുന്നു.എന്നാൽ കാലത്തിന്റെ നിസ്സാരത കട്ടുവാൻ ജാഗ്രത്തിലധികം കിട്ടാനില്ല. എന്നാൽ ഉലവേററ ഘോരവൃക്ഷം കടപുഴകി മറിയുംപോലെ ആത്മാനുഭവ ഉലച്ചലിൽ മറിയുകതന്നെ ചെയ്യും.

ഹിരണ്മയേന പാത്രേണ
സത്യസ്യാപിഹിതംമുഖം
തത്വംപൂഷന്നപാവൃണു
സത്യധർമ്മായദൃഷ്ടയേ

അന്നമയ, പ്രാണമയ, മനോമയ, വിജ്ഞാനമയ ആനന്ദമയകോശങ്ങൾ അഞ്ചാണ്. എന്നാൽ ശ്രുതിസമ്മതമായതും ജീവൻ കടന്നു പോകേണ്ടതുമായ മററൊരു കോശം കൂടിയുണ്ടു്. ആനന്ദമയകോശത്തിലെ ആനന്ദം ജീവാത്മഗോചരമാണു്. മറേറതാകട്ടെ ആത്മാനുഭവ ഗോചരമേ ആകു. അല്ലാതെ കേവലാനുഭവഗോചരമാകയില്ല. അതു് ലക്ഷണാൽ ലക്ഷീകരിക്കപ്പെടുന്ന വസ്തുതത്വമാണു്. അവിടെ അനുഭവിക്കലില്ല. എന്നാൽ ശോകമോഹം അതിഹർഷത്തിലല്ല ആനന്ദമാണതാണം. ഇതു്

ദ്വന്ദവിഹീനമാകകൊണ്ടു് അനുഭവിക്കലിനു് സ്ഥാന മില്ല. ഈ വ്യത്യാസത്തിനു കാരണം സൃഷ്ടി ആരംഭ ത്തിലെ ഹിരൺമയകോശമാണു്. ഉതു് നിലനില്ക്ക നിടത്തെല്ലാം ദ്വന്ദാവസ്ഥയുണ്ടു്. അതുകൊണ്ടു് ഇതും കടന്നു് ചെല്ലുമിടം കേവലാവസ്ഥയാണു്. ഹിരൺമയ കോശം പരമാത്മ വിഭൂതിയാണു്. ഇതു് സർവകാര ണകാരണമായ പരമാത്മാവിൻെറ ശക്തിവിലാസ മാണു്. ഇതിനെയാണു് ഹിരൺ മയപാത്രത്താൽ മൂട പ്പെട്ട സൂര്യബിംബത്തിലെത്തിച്ചേ൪ന്ന ജീവൻപോലും ഈ സ്വർണ്ണ പാത്രത്തെ മാററി ഞങ്ങാംക്ക ഞങ്ങളെ കാട്ടിതരണമേ എന്നു് സവിതാവോടപേക്ഷിക്കന്നതു്, ഈ കോശം കൂടി മാററിയാൽ മാത്രമേ ജീവനായി തീർന്നു എന്നു തോന്നിയ ആത്മ മുഖത്തിനു് മോചന മായെന്നു തോന്നു.

ഹിരൺമയമായ പാത്രത്താൽ മൂടപ്പെട്ടിരിക്കുന്ന സത്യമുഖം സത്യധർമ്മ സമ്പന്നനായ എനിക്കു് കാണു വാനായി ആ ഹിരൺമയ മൂടലിനെ മാററിത്തന്നാലും.

'പൂഷന്നേകർഷേയമസൂര്യ
പ്രജാപത്യ വ്യൂഹരശ്മിൻ സമൂഹ
തേജോയത്തേരൂപം കല്യാണതമം
തത്തെ പശ്യാമിയോƒസാവസൗ പുരുഷസോƒ
ഹ മസ്മി

അല്ലയോ പൃഷ്ടിയെ ചെയ്യുന്നവനെ—ഏകനായി ഗമിക്കുന്നവനെ—എല്ലാററിനേയും നിയന്ത്രിക്കുന്നവനെ— സ്വീകരിക്കുന്നവനെ—പ്രജാപതി പുത്രാ—അങ്ങയെ മറ യ്ക്കുന്ന ആ പ്രഭാപൂരത്തെ മാററിക്കാട്ടിയാലും. അങ്ങ യുടെ മംഗളദായകമായ ആ തേജോരൂപം ഞാൻ കണ്ടു കൊള്ളട്ടെ. കാണുന്നു, ഇതാ ഞാൻ കണ്ടുകൊണ്ടിരി ക്കുന്നു, ഇവൻ ഞാൻ തന്നെയല്ലോ.

ഈശാവസ്യം അതിൻെറ ആദ്യത്തെ മന്ത്രംകൊണ്ടു്

നീ എങ്ങും തെണ്ടാൻ നടക്കാതെ അന്യൻേററ്റു മുഴവൻ ത്യജിച്ചു് അവശേഷിക്കുന്ന ആത്മാവിലെ ആനന്ദത്തെ ആസ്വദിച്ചു് നിരന്തരം വിരാജിച്ചാലും എന്നു കാട്ടി. അതിന്റെ ഒടുവിലുള്ള മന്ത്രം.

'തേജോ യത്തേരൂപം കല്യാണ തമം തത്തേ
പശ്യാമിയോസാവസൗ പുരുഷ:സോഹമസ്മി'
അതായതു്—ആ നിത്യചിദാനന്ദമായ ആ 'തത്' അതു ഞാൻ തന്നെ എന്നു വ്യക്തം കാട്ടി ഉറപ്പിച്ചു നിറുത്തുന്നു.

ഇവിടെ നിങ്ങൾ അതീവ ശ്രദ്ധിക്കേണ്ട ഒരു പരമപ്രധാന കാര്യമുണ്ടു്. അതായതു് നിങ്ങൾ നിത്യമുക്തനാകുന്നതിനുള്ള മാർഗ്ഗം പറയുന്നതിനുപരി നിങ്ങൾ നിത്യമുക്തനായ ബ്രഹ്മം തന്നെ എന്നു് അസന്നിദ്ധമായി ശ്രുതി അരുളുകയാണിവിടെ ചെയ്യുന്നതു്.

ഇതു് ഈശാവാസ്യ സംഭാവനയാണ്. ഇനിയും മററു ഭാഗങ്ങൾ നമ്മേ രക്ഷിപ്പതെങ്ങനെയെന്നു കാണാം.

ഉപനിഷത്തു പത്തും—ആദ്യത്തേതു്—ബ്രഹ്മസൂത്രവും— ഭഗവത്ഗീതയും ചേർത്തു പ്രസ്ഥാനത്രയമെന്നു, അദ്വൈതസിദ്ധിയും—ചിത്സുഖിയും—ഖണ്ഡനഖണ്ഡഖാദ്യവും ചേർത്തു് പ്രൗഢ പ്രസ്ഥാനത്രയമായും മഹാശയന്മാർ പറയുന്നുണ്ടു്. എന്നാൽ എളിയവനായ ശ്രീധരന്റെ അഭിപ്രായത്തിൽ നൂററി എട്ടുപനിഷത്തുകളും —യോഗവാസിഷ്ടവും —ശ്രീരാമഗീതയും ചേർത്തു് ബോധത്രയീയായിട്ടംഗീകരിക്കപ്പെട്ടിരിക്കയാണ്. മാത്രമല്ല വേദങ്ങൾ നാലും അയിരത്തി എൺപതു് ഉപനിഷത്തുകളും ഉപവേദ വിജ്ഞാനവും ഉള്ളവനെ വിദ്വാനെന്നറിയണമെന്നുമാണ്. ഇതിൽ സാദ്ധ്യമല്ലാതെ പോയതു് ഉപനിഷദ്പഠനമാണ്. അതിനാലാണ് അതിൽ നൂററി എട്ടുകൊണ്ടു് കാര്യസാദ്ധ്യം സുലഭമെന്നു പറഞ്ഞു് ശ്രദ്ധ തിരിച്ചു വിട്ടതു്. ഉപനിഷത്തുകളിൽ നൂററിഎട്ടേ കാൺമാനുള്ളു, നൂററിഇരുപത്തു

മുതലായി കൂട്ടികൂട്ടിവന്നു് മനോവിലാസ ഉപനിഷത്തു കളും പ്രത്യക്ഷപ്പെട്ടുതുടങ്ങി. എത്രയെത്ര മഹത്പ്ര സ്ഥാനങ്ങൾ ഇതെല്ലാമേററു വാങ്ങിയിട്ടു് ഹനുമാനുമാ നേ പോലെ—ആനയെപ്പോലെ സ്വബലമറിയാതെ മി ണ്ടാതിരുന്നുകളയുന്ന മൗഢ്യം വലിച്ചെറിയുക കുഞ്ഞേ.

അനന്തമായ അതിവിശാലദേശം—അന്തമററ വിവര ണാതീതമായകാലം അളവററമഹാകശാത്തിൽ എണ്ണാൻ സാദ്ധ്യമല്ലാത്ത എണ്ണമററ ഭീമാകാരങ്ങളായ ജ്യോതി സ്സുററവും അല്ലാത്തതുമായ ഗോളങ്ങളും, ഗോളസമൂഹ ങ്ങളും നിലയങ്ങളും പ്രകാശരശ്മികൾ വർഷങ്ങളായി സഞ്ചരിച്ചിട്ടും എത്തിച്ചേരാനാവാത്ത അകലങ്ങളോടുകൂ ടിയ വിപുല വിശാലയിടം നിറഞ്ഞദേശം.ഇവിടെ ഒരു സൂര്യനെ വലം വെയ്ക്കുന്ന ഒരു ചെറു ഭൂമിയിലാണു് നാം വ്യവഹരിക്കുവാൻ കണ്ടെത്തിയ ഇടം. ഈ ഇട ത്തിൽമേലാവാകാൻ എത്രഎത്രപ്രവാലന്മാർ—ഈശനിൽ നിന്നും നേരെ ഇറങ്ങിയവർ എഴുത്തുംകൊണ്ടു വന്നവർ എന്നു വേണ്ടാ എത്ര ഭരണാധിപതികൾ. ഈശ്വരാ നീ യും ഇതെല്ലാം കാണുന്നുണ്ടല്ലോ. അവളിലിവളു ഭേദം ഇവളെഴുന്നിരുന്നുണ്ണുന്നുണ്ടല്ലോ എന്ന തരത്തിലുള്ള ശ്രേ ഷ്ഠതപറഞ്ഞു പറഞ്ഞു വ്യവഹരിക്കയാണീ ഉലകിൽ.

ഈ ലോകത്തിൽ മുക്തി ആരോടും വാങ്ങുകയല്ല നിത്യമുക്തനാണു നീയെന്നു കാട്ടി തരുകയാണു് ഈശാവാസ്യം കാട്ടി തരുന്ന സത്യം.

ഇനിയും നമുക്കു് ഇവകളെ വേറൊരു തരത്തിൽ മനോഹരമായി വിവരിക്കുന്ന കേനോപനിഷത് മന്ത്ര ങ്ങൾ മനസ്സിരുത്തി ഒന്നു പഠിക്കാം.

'യദ്വാചാനഭ്യദിതം
യേനവാഗഭ്യുദ്യതേ
തദേവ ബ്രഹ്മത്വം വിദ്ധി
നേദം യദിദ മുപാസതേ'

'യന്മനസാനമനുതേ
യേനാഹുർമനോമതം
തദേവ ബ്രഹ്മംത്വം വിദ്ധി
നേദായദിദമുപാസതേ.'

'യച്ചക്ഷുഷാനപശ്യതി
യേനചക്ഷുംഷിപശ്യതി
തദേവ ബ്രഹ്മംത്വംവിദ്ധി
നേദംയദിദമുപാസതേ'

'യത്ശ്രോത്രേണ ന ശൃണോതി
യേനശ്രോത്രമിദംശ്രുതം
തദേവ ബ്രഹ്മംത്വംവിദ്ധി
നേദംയദിദമുപാസതേ'

'യത്പ്രാണേനന പ്രാണിതി
യേനപ്രാണഃപ്രണീയതേ
തദേവ ബ്രഹ്മത്വംവിദ്ധി
നേദംയദിദമുപാസതേ'

വാക്കിനു വിഷയമല്ലാത്തതും എന്നാൽ വാക്കിനെ ഉദ്ദീപിപ്പിക്കുന്നതിനു് ശക്തമായി നിലകൊള്ളുന്നതു യാതൊന്നോ അതിനേ നീ ബ്രഹ്മമെന്നറിഞ്ഞാലും, അല്ലാതെ ഇതു് ഇതു് എന്നുപാധിഭേദത്തോടുകൂടി ഉപാസിക്കപ്പെടുന്നതൊന്നും ബ്രഹ്മമല്ല.

യാതൊന്നിനെ മനസ്സിനാൽ മനനം ചെയ്യുവാൻ സാദ്ധ്യമല്ലയോ അന്തക്കരണചതുഷ്ടയംയാതൊന്നിനാൽ വ്യാപ്തമെന്നു പറയപ്പെടുന്നുവോ അതിനെതന്നെ നീബ്രഹ്മമെന്നറിയുക. ഇതു് എന്നുകാട്ടി യാതൊന്നിനെ ഉപാസിക്കാറുണ്ടോ ആ തരത്തിലുള്ളതു ബ്രഹ്മമല്ല

'യാതൊന്നിനെ കണ്ണിനാൽ കാണാൻ കഴികയില്ലയോ, യാതൊന്നു കാരണമായി കണ്ണു മറ്റുള്ളവയെ കാണുന്നുവോ അതിനെ തന്നെ നീ ബ്രഹ്മമെന്നറിയുക.

ഇതു് ഇതു് എന്നുകണ്ടു് യാതൊന്നിനെ ഉപാസിക്കററു ണ്ടോ അപ്രകാരേണയുള്ള ഉപാധിയോടു കൂടിയതു് ബ്ര ഹ്മമല്ല.

യാതൊന്നിനെ ചെവികൊണ്ടു കേൾക്കുവാൻ സാ ദ്ധ്യമല്ലയോ യാതൊന്നിനാൽ ചെവി കേൾവിക്കു ശ ക്തമായിത്തീരുന്നുവോ അതിനെത്തന്നെ നീ ബ്രഹ്മ മെന്നറിഞ്ഞാലും. ഉപാധിഭേദത്തോടെ ഉപാസിക്കപ്പെടു ന്നതു് ബ്രഹ്മമല്ല.

യാതൊന്നിനെ പ്രാണനാൽ ചേഷ്ടിക്കപ്പെടു വാൻ സാധ്യമല്ലയോ, യാതൊന്നിനാൽ പ്രാണൻ ചേ ഷ്ടിക്കപ്പെടുന്നുവോ അതിനെതന്നെ ബ്രഹ്മമെന്നു നീ അറിഞ്ഞാലും ഉപാധിഭേദത്തോടെ ഉപാസിക്കപ്പെ ടുന്നതു് ബ്രഹ്മമല്ല.

•പ്രതിബോധവിദിതം
മത മമൃതത്വം ഹി വിന്ദതേ
ആത്മനാവിന്ദതേവീര്യം
വിദ്യയാവിന്ദതേഽമൃതം

ബോധംതോറുമറിയപ്പെടുന്ന അറിവു് ശരിയായ അറിവാണു്. ഈ അറിവുകൊണ്ടു് അമൃതത്വത്തെ പ്രാ പിക്കുന്നു. എങ്ങനെ എന്നാൽ ആത്മാവു് വീര്യത്തേയും അതിൻെറ ശക്തിയേയും അതിൻെറതന്നെ വിദ്യകൊ ണ്ടു് അമൃതത്വത്തെയും പ്രാപിക്കുന്നു. അപ്രകാരമറി ഞ്ഞു് നിത്യമോചിതനായി നിലകൊള്ളുന്നു,

ഇപ്രകാരേണ കേനവും ആത്മവീര്യവും അതി ൻെറ ബോധവും മുഖേന നിത്യമുക്തസാദ്ധ്യമെന്നു കാട്ടുന്നു.

ഇതുവരെ ശാസ്ത്രം മാത്രമാണു നാം പഠിച്ചതെ ങ്കിൽ അതിനെ നവീന രീതിയിൽ അവതരിപ്പിക്കാനാ ണിനി ശ്രമിക്കുന്നതു്. ഇതും നമുക്കു് ശ്രദ്ധയാ പഠിക്കാം.

'അന്യത്ര ധർമ്മാ ദന്യത്രാധർമ്മാ
ദന്യത്രാസ്മാത്കൃതാകൃതാത്
അന്യത്ര ഭൂതാച്ചഭവ്യച്ച
യത്തത്പശ്യ ।പി തദ്വദ'

ഇവിടെ ജിജ്ഞാസു അടക്കാൻ വയ്യാത്ത വാഞ്ഛയോടെ ശ്രവണത്തെ കൈക്കൊള്ളാൻ ചോദ്യമാരംഭിക്കുകയാണ്.

ധർമ്മത്തിൽനിന്നുമന്യമായും അധർമ്മത്തിൽ നിന്നു മന്യമായും കൃതമായതിൽ നിന്നുമന്യമായും അകൃതത്തിൽ നിന്നുമന്യമായും ഭവത്തിൽനിന്നുമന്യമായും കഴിഞ്ഞതിൽനിന്നുമന്യമായും വരുന്നതിൽനിന്നന്യമായും അങ്ങ് യാതൊന്നിനെയാണോ കാണുന്നത് അതിനെ എനിക്കു പറഞ്ഞു തന്നാലും.

'സർവ്വേവേദായത് പദമാമനന്തി
തപാംസി സർവ്വാണി ച യദ്വദന്തി
യദിച്ഛന്തോ ബ്രഹ്മചര്യം ചരന്തി
തത്തേ പദം സംഗ്രഹേണബ്രവീമ്യോമിത്യേതത്.'

സർവവേദങ്ങളും യാതൊരു പ്രാപ്യസ്ഥാനത്തെ പററി പ്രതിപാദിക്കുന്നുവോ സർവതപസ്സുകളും യാതൊന്നിനെ പറയുന്നുവോ, യാതൊന്നിനെ ആഗ്രഹിച്ചിട്ടാണോ ബ്രഹ്മചര്യമനുഷ്ടിക്കുന്നത് ആ പദത്തെ ചുരുക്കത്തിൽ ഞാൻ പറഞ്ഞുതരാം. അത് ഓം എന്നതാകുന്നു.

'ഏതദ്ധ്യേ വാക്ഷരംബ്രഹ്മ
ഏതദ്ധ്യേ വാക്ഷരംപരം
ഏതദ്ധ്യേ വാക്ഷരം ജ്ഞാത്വാ
യോയദിച്ഛതി തസ്യതത്''

ഈ അക്ഷര ബ്രഹ്മംതന്നെ ആകുന്നു, ഈ അക്ഷരം തന്നെയാണ് പരമമായിട്ടുള്ളതു്. ഈ അക്ഷരത്തെ അറിഞ്ഞാൽ അദ്ദേഹിയാതൊന്നിച്ഛരികുന്നുവോ അതായി തീരുന്നു.

'ഏതദാലംബനം ശ്രേഷ്ഠം
ഏതദാലംബനം പരം
ഏതദാലംബനം ജ്ഞാത്വാ
ബ്രഹ്മലോകേ മഹീയതേ'

ഈ ആലംബനം ശ്രേഷ്ഠമാണ്. പരമായ അങ്ങേ അററത്തേതായ ആലംബനമാണിതു്. ഈ ആലംബനത്തെ അറിഞ്ഞാൽ ബ്രഹ്മലോകത്തിൽ വാഴ്ത്തപ്പെടും.

'ന ജായതേ വാവിപശ്ച
ന്നായം കുതശ്ചിന്ന ബഭൂവകശ്ചിത്
അജോനിത്യ: ശാശ്വാതോയം പുരാണോ
ന ഹന്യതേഹന്യമാനേ ശരീരേ'

ബോധസ്വരൂപനായ ഈ ആത്മാ ജനിക്കുന്നില്ല മരിക്കുന്നില്ല. ഇതൊരിടത്തുനിന്നും ഉണ്ടായതല്ല. ഇതിൽനിന്നും ഒന്നും തന്നെ ഉണ്ടായതല്ല. നിത്യനും ശാശ്വതനും പുരാണനുമായ ഈ ആത്മാ ശരീരനാശത്തിൽ നശിക്കപ്പെടുന്നുമില്ല.

'അണോരണീയാൻ മഹതോ മഹീയാ
നാത്മസ്യ ജന്തോർന്നിഹിതോ ഗുഹായം
തമക്രതു: പശ്യതിവീതശോകോ
ധാതുപ്രസാദാന്മഹിമാനമാത്മന:'

'ആസീനോദൂരം വ്രജതി
ശയാനോയാതി സർവത:
കസ്തംമദാമദം ദേവം
മദന്യോ ജ്ഞാതു മഹതി:'

'നായമാത്മാ പ്രവചനേന ലഭ്യോ
ന മേധയാന ബഹുനാ ശ്രുതേന
യമേ വൈഷവൃണതേ തേനലഭ്യ
സ്തസ്യൈഷ ആത്മാ വിവൃണുതേതനും സ്വാം'

'നാ വിരതോ ദുശ്ചരിതാ
ന്നാശാന്തോ നാസമാഹിത:
നാ ശാന്തമാനസോ വാചി
പ്രജ്ഞാനേ നൈനമാപ്നുയാത്'

'യസ്യ ബ്രഹ്മ ച ക്ഷത്രം ച
ഉഭേ ഭവത ഓദന:
മൃത്യുരസ്യോപസേചനം
ക ഇത്ഥാവേദയത്രസ:'

ഇവയെല്ലാം കഠോപനിഷത്തിലെ വല്ലികളാണ്. ഇതു് നിങ്ങളുടെ ശ്രദ്ധയിൽ ഞാൻ പെടുത്തി കൊള്ളട്ടെ.

വാജശ്രവസിൻെറ പുത്രനായ ഉശൻ തൻെറ സർവവും ദാനം ചെയ്യുവാൻ തീരുമാനിച്ചു. അപ്രകാരം ചെയ്തു തുടങ്ങി. ഈ അവസരത്തിൽ തൻെറ ഏകപുത്രനായ നചീകേതസിനു് തന്നെ എന്തുചെയ്യും, തന്നെ എങ്ങനെ ആർക്കു കൊടുക്കും. എന്നൊരു ചിന്ത മുഴുത്തു. ഒടുവിൽ പിതാവിനോടുതന്നെ ചോദിക്കയാണു ചെയ്തതു്. തൻെറ പുത്രനു് വിവേകം തികച്ചു കിട്ടിയില്ലല്ലോ എന്നുകരുതി താൻ അയാളെ മൃത്യുവിനു കൊടുക്കുവാനാണു തീരുമാനിച്ചതെന്നു പറഞ്ഞു. സർവത്യാഗം ചെയ്യുന്ന യജ്ഞത്തിലും യജമാനൻ തന്നെയാണു് ഭാര്യയും സ്വപുത്രരും എന്നതറിയാത്ത പുത്രനെയാണു്, മൃത്യുവിനു് എന്നുത്തരത്താൽ പ്രചോദന ചെയ്തതു് മൃത്യുവെന്ന ആചാര്യനെ എന്നു വേണം നാം കരുതേണ്ടതു്. ഈ മറുപടിക്കുശേഷം മഹാത്മാവായ മൃത്യുവിനെ കണ്ടാൽ താൻ ഉത്തമാധികാരി എന്നു വരത്തക്ക വണ്ണം വേണ്ട ആലോചനകൾ ചെയ്തു തീരുമാനമെടുത്തു നില്ക്കുക തന്നെ ചെയ്തു, അങ്ങനെ കച്ചകെട്ടി ചെന്ന ഉത്തമ

ജിജ്ഞാസുവിനെ വേണ്ടവണ്ണം പലതരത്തിൽ പ്രലോഭിപ്പിച്ചു നോക്കി പരിശോധിച്ച ശേഷം പരപ്രധാനമായ ജ്ഞാനോപദേശം ചെയ്യുന്നതാണ് ഇവിടെ മുൻമന്ത്രങ്ങളാൽ കാട്ടിത്തന്നിരിക്കുന്നത്

'അന്യത്ര ധർമ്മാദന്യത്രാധർമ്മോ

....     ....     ....

യത്തത് പശ്യതയത്തത് പശ്യസി തദ്വദ'

ഈ അഭ്യർത്ഥനയ്ക്കു ചെയ്ത ഉപദേശമാണ് മുമ്പു ചേർത്ത മന്ത്രങ്ങൾ.

അണുവിലണുവായും മഹത്തിൽ മഹത്തായും ഉള്ള ഈ ആത്മാ ജീവികളുടെ ഹൃദയഗുഹയിൽ സ്ഥിതിചെയ്യുന്നു. പരിശുദ്ധമായ മനസ്സോടുകൂടിയവർ ശോകനാശന സാദ്ധ്യത്തോടെ ആത്മമഹിമാനമറിയുന്നു.

ഇരിക്കുന്നിരിപ്പിൽ തന്നെ ദൂരെദേശഗമനം ചെയ്കയും കിടക്കുന്ന കിടപ്പിൽ തന്നെ സർവദേശ സഞ്ചാരം ചെയ്കയും ചെയ്യുന്നു—മാനസംപോലെ—മദാമദത്തോടുകൂടിയ ആ ജ്യോതിസ്വരൂപിയെ താനായിട്ടല്ലാതെ—ഞാനായിട്ടല്ലാതെ അന്യമായിട്ടാർക്കു കാണാൻ കഴിയും.

ആത്മാ പ്രവചനങ്ങളെക്കൊണ്ടോ, ബുദ്ധിസാമർത്ഥ്യംകൊണ്ടോ, നാനാവിധശ്രവണങ്ങളാലോ ലഭ്യനല്ല—യമേവൈഷവൃണുതേ തേനലഭ്യസ്ത സൈഷ ആത്മാവിവൃണുതേ തനും സ്വാം. യാതൊരുവനാൽ ആത്മാ താൻതന്നെയാണെന്ന് സ്വീകരിക്കപ്പെടുന്നുവോ, ഞാൻ തന്നെ ഈ ആത്മാ എന്ന് സ്വയം അംഗീകരിക്കപ്പെടുന്നുവോ, ആ അവനു മാത്രമേ ആത്മാ വെളിപ്പെടുകയുള്ളൂ.

ദുർവൃത്തിയിൽ നിന്നും വിരമിക്കാത്തവനും, ശാന്തിയില്ലാത്തവനും, മനസ്സിനേകാഗ്രതയില്ലാത്തവനും

കേവലപ്രജ്ഞ മാത്രംകൊണ്ടു് ആത്മാവിനെ പ്രാപിക്ക സാദ്ധ്യമല്ല.

ഈ മുൻ മന്ത്രാത്ഥവിവരണകൊണ്ടു് നാം പഠിക്കേണ്ടതു് നിത്യമുക്തിക്കോ ആത്മ സാക്ഷാത്കാരത്തിനോ വേണ്ടതു് സംശയ ഭാവനയോ വിപരീതഭാവനയോ കൂടാതെ താനാത്മാവാണെന്ന നില അവലംബിച്ചുനിലകൊള്ളണമെന്നാണു്. അതോടൊപ്പം ചിത്തവൃത്തിനിരോധവും ആവശ്യമെന്നാണു്.

ലോകത്തു് അന്നവും പ്രാണനും രണ്ടു വസ്തുതത്വങ്ങളാണു്. ഒന്നു ഭൂപ്രധാനവും മറേറതു് ജലപ്രധാനവുമാണ്. ഇതിനെ മനസ്സിലാക്കാൻ നാം പഞ്ചഭൂതങ്ങളെ മനസ്സിലാക്കണം. പഞ്ചഭൂതങ്ങളെ അറിയാൻ നവീന എലിമൻറിനേയും അറിഞ്ഞേ പററു. ഇതു് ഒരുതരത്തിൽ ഒരു സാഹസം തന്നെയാണ്. വേദാന്ത നിർണ്ണയം ചെയ്യാൻ ഇതൊക്കെ വേണമോ? ഏതായാലും അതിനും അൽപം കടക്കാം.

അന്നം പദാത്ഥമായപോലെ പ്രാണനും പദാത്ഥമാണ്. ആത്മാവിനോടേററവുമടുത്തെത്തുന്നതാണ് പദാർത്ഥം. പദമാത്മാവുതന്നെയാണ്. ഇതിന്നർത്ഥത്തെ കൊടുക്കലെന്നാൽ വിഷയത്തെ കൊടുക്കലെത്രെ. ഇതാണ് പാദാർത്ഥേന വിവക്ഷിതം. വസ്തുതത്വവു, ഏതാണ്ടിതുതന്നെയാണ്. ആത്മാവിനെ വസ്തുതത്വാവിഷ്ക്കരണേന സൂചിപ്പിക്കയും ലക്ഷീകരിക്കയും ചെയ്യലാണിവിടെ. അന്നമെന്ന വസ്തുതത്വത്തെ നവീനർ 'മാററർ' എന്നു വിവരിച്ചു. അന്നം അതിൻേറതായ ഒരു ജഗത്തുതന്നെ കണ്ടെത്തി—ദി മെററീരിയൽ വേൾഡ്—അതേസമയം പ്രാണനെ ഊർജ്ജമെന്ന നിലയിലും വിവരിക്കപ്പെട്ടു. അന്നനഷ്ടമായ ജഗത്തിനു് പ്രാണൻ ഊർജ്ജസ്വലതകൊടുത്തു സംരക്ഷിച്ചു. ഇതൊക്കെ ഇന്നും നടന്നുകൊണ്ടിരിക്കുന്നതാണു്.

മുമ്പു പിമ്പില്ല. കാലദേശങ്ങളില്ല. ഉദ്ഭവ തിരോഭാവങ്ങളില്ല. ഈ ഇടത്തിൽ തോന്നുന്നൊരീ പ്രപഞ്ചം അജ്ഞാനം കൊണ്ടുണ്ടായിവന്നിതെന്നറികനീ,

ഇങ്ങനെ പ്രപഞ്ചോത്പത്തി സംഭവം വിവരണാതീതമായി വന്നുകൂടിയപ്പോഠം ബ്രഹ്മചിന്തനത്തിൽ വാഞ്ഛ വർദ്ധിച്ചു.

അഥാതോ ബ്രഹ്മജിജ്ഞാസ—

—ജന്മാദ്യസ്യയത—ഈ സൂത്രത്തിൽ വരുമ്പോഠം മുൻസൂത്രത്തിലെപ്പോലെ ശരിയായ നിർവചനം കാണാതെ ഒരു ന്യായം മാത്രം കാട്ടി മാറി നിൽക്കുക എന്ന പരിപാടി മാററി യഥാർത്ഥത്തിൽ നിർവചനം കാട്ടേണ്ടതെങ്ങനെയെന്നു വ്യക്തമാംവിധം കാട്ടി പരിലസിക്കുന്നു. ഇതാണു് എൻെറ കാഴ്ചപ്പാടു്. ഇതിൽ ഞാൻ കാട്ടുന്ന കാഴ്ചപ്പാടു് പ്രത്യേകം ശ്രദ്ധിക്കുക.

ജന്മാദ്യസ്യയത — ശാസ്ത്രയോനിത്വാത്—തത്വസമന്വയാത്—ഇവ മൂന്നുംമുൻ വാക്യവും ചേർന്നതാണല്ലോ ചതു സൂത്രിയതാവത്തു്.

ഇതിലെ പ്രതിപാദ്യതയുടെ പ്രധാന കണ്ണി ഉൽപത്തിസ്ഥാനമാണ്. ജന്മാദ്യസ്യയത—ജന്മത്തെ ചെയ്യുന്ന സ്ഥാനം അഥവാ ഉൽപത്തിസ്ഥാനം. ജന്മത്തിനു കാരണമായ സ്ഥാനം അതിൻെറ ഉൽപത്തിസ്ഥാനം എന്നും പറയാമല്ലൊ. എന്നാണെങ്കിൽ അതിൽ ശ്രീധരൻ കാണുന്നതു പറയാം. ഉൽപത്തിസ്ഥാനമായാണ് കാണേണ്ടതു് എന്നാണെൻെറ അഭിപ്രായം. എന്തെന്നാൽ അതു കാരണമെന്നു വന്നാൽ അതു ഹേതുവായിട്ടു് എന്നു വരുത്തിക്കൂട്ടും. ഉത്ഭവിച്ചിറങ്ങുമിടം യോനിയെന്നു പറയും. വ്യത്യാസമെന്തെന്നുവച്ചാൽ ഉത്പത്തിസ്ഥാനത്തിനു ഹേതുവേണ്ടാ ഉത്ഭവിച്ചിറങ്ങുമിടം. കാരണം കാര്യത്തിൽ വ്യാപിക്കുന്നു. കാരണം കാര്യത്തെ ഉണ്ടാക്കുന്നതു് എന്നു വന്നാൽ ശരിയാകണമെന്നി

ല്ല. ആകയാൽ കാരണത്തിൻെറ ഉത്ഭവലയസ്ഥാനമെ ന്നതന്നെ വരണം. കാരണം നിമിത്തകാരണങ്ങളുമാകുമല്ലോ. ഉൽപത്തിസ്ഥാനം ഉപാദാന കാരണമായേക്കാം. ഇതു ഹേതുവേ ചെയ്യണമെന്നില്ലല്ലോ ഉപാദാനകാരണം കർമ്മത്തെ ചെയ്യുകയില്ല. ഹേതു കർമ്മത്തെ ചെയ്യും. ഉപാദാനം ശുദ്ധബ്രഹ്മമാകാം. അതചലമാണ്. എന്നാൽ ബോധമാകയാൽ ചൈതന്യാത്മകവുമാണല്ലോ. ഇങ്ങനെ ഒരത്ഭുത പ്രതിഭാസമിതിനുണ്ട്. ഈ ചൈതന്യ സ്വരൂപൻ അരൂപനും, ജ്യോതിർരൂപനും അറിവുതോറുമറിയപ്പെടും ബോധവും, ശരീരം തോറും സ്ഥിതനും, പൂർണ്ണനും ഉള്ളും പുറവുമില്ലാത്തവണ്ണം നിറവുററു നിൽക്കുന്നവനും ആണുതാനും.

'ഏതസ്മാജ്ജായതേ പ്രാണോ
മനസർവേന്ദ്രിയാണിച
ഖം വായുർജ്യോതിരാപ
പൃഥിവി വിശ്വസ്യ ധാരിണീം'

ആവി:സന്നിഹിതം ഗുഹാചരം നാമ
മഹത് പദ മത്രൈതത് സമർപ്പിതം
ഏജത്പ്രാണന്നിമിഷച്ചയതേജ്ജാനഥ
സദസദ്വരേണ്യം പരം വിജ്ഞാനാദ്—
യദ്വരിഷ്ടം പ്രജാനാം.

ഹൃദയഗുഹാസഞ്ചരതായിട്ടറിയപ്പെടുന്ന ആ തത്വം ആ ശ്രേഷ്ഠപദം എല്ലാററിലുമട്ടത്തുള്ളതും ചലിക്കുന്നതും ശ്വസിക്കുന്നതും നിമേഷിക്കുന്നതുമായ എല്ലാം തന്നെ ഈ ബ്രഹ്മത്തിൽ അർപ്പിതമായിരിക്കുന്നു. സത്തുമസത്തും ഏവരാലുംസ്വീകാര്യവും വരേണ്യവുമായതും ജന വിജ്ഞാനത്തിനതീതവും വരിഷ്ടവു ആയ അതിനെ അറിഞ്ഞാലും.

ഓം

ശ്രീ ഗുരവേ നമ:

ഏകനായ് ഏകനായ്
ഏകനായ് ഞാൻ
എങ്ങോട്ടു പോകുന്നി
തെന്റെ അമ്മേ

എങ്ങും നിറവുറോ
രേകൻ തന്നിൽ
എങ്ങോട്ടു പോണം
ഞാനെന്റെ അമ്മേ

നിന്ദിക്കമോളുണ്ടു്
വന്ദിക്കമോളുണ്ടു്
എല്ലാമതെൻ ചേഷ്ട
ആണോ അമ്മേ

എൻ ദു:ഖം കണ്ടു നീ
ഖേദിക്കവേണ്ടമ്മേ
നൈർമ്മല്ല്യലക്ഷണ
മെന്നങ്ങറിയുക

ബ്രഹ്മമേ ബ്രഹ്മമേ
ബ്രഹ്മമേ ബ്രഹ്മമേ
ബ്രഹ്മമേ നീയല്ലേൽ
ആരുഞാൻ

ഓം

ശ്രീ ഗുരവേ നമ:

പാവങ്ങളാം പാവങ്ങളാം
ഞങ്ങളേവം
ഭാരത ഭൂവിതിൽ വന്നുചേർന്നു

എവിടുന്നെഴുന്നെള്ളി
എങ്ങനെ വന്നിവിടെ
ഞങ്ങളറിഞ്ഞതേ
ഇല്ല അമ്മേ

എങ്ങോട്ടു പോകണം
എങ്ങനോ പോകേണ്ട—
തൊന്നു മറിയില്ലി—
യെന്റെ അമ്മേ

പിന്നോട്ടില്ലറുതിഒട്ടും
മുന്നോട്ടില്ലറുതിയത്രു്
പോകുന്നിതെങ്ങോട്ടമ്മേ
പോകേണ്ടതെങ്ങോട്ടമ്മേ

ഭൂമിയും ചുററുന്നു
സൂര്യനും ചുററുന്നു
നക്ഷത്രമാകെ ചുററു്

അറിവതാരറിവ—
താരറിവതാരു്

ക്ഷമയതു പോരെല്ലോ
ക്ഷമിയതുപോരെല്ലോ
എങ്ങോട്ടുപോകണം ഞാൻ
എങ്ങോട്ടു പോകണം ഞാൻ

ഒന്നുമറിയാത്ത
മാനുഷപക്ഷികൾ
തീയിലേക്കാണോ
പോക്ക്.

അതു പറയുകതുപറയുക
അതുപറയുകെന്നമ്മേ
ലോകത്തിലാരെന്തു
കാട്ടിടുന്നു.

ഓം

ശ്രീ ഗുരവേ നമ:

ബ്രഹ്മത്തിനെന്തുപററി
അതു പറയൂ അതു പറയൂ
അതു പറയുകെൻെറ അമ്മേ

കാലമില്ലാ ബ്രഹ്മത്തിൽ
ദേശമില്ലാ ഇടമതിൽ
കാലദേശങ്ങൾ കണ്ടോ.
കാലമതു ചെല്ലുമ്പോൾ

പാലതു പുളിക്കുന്നു
പാലതു പിന്നാകയില്ലാ.

ബ്രഹ്മം പുളിക്കുമോ
ബ്രഹ്മം പുളിച്ചുവോ

ജഗത്തതായ് മാറിപ്പോയോ
ജഗത്തു രുചിപ്പിക്കാൻ

പരമാത്മാവിറങ്ങിയോ
ജഗത്തു രചിച്ചീടുമോ
പരമാത്മാ വിധിപതിയോ

പരമാത്മാ ജഗത്പതിയോ
ശ്രുതി ചൊൽവതെങ്ങനമ്മേ.

ഇനിയും നമുക്ക് കുറേശ കുറേശ സമാധിയേയും അറിവിനേയും വിശകലനം ചെയ്തു പഠിക്കാം.

പണ്ട് ഭാരതവർഷത്തിൽ അയോദ്ധ്യയിൽ ശ്രീരാമചന്ദ്രൻ എന്ന പേരിൽ ഒരു രാജകുമാരനുണ്ടായിരുന്നു. ഹതഭാഗ്യനായ അയാൾ ചെറുപ്പത്തിൽ തന്നെ തൻെറ ഇളയമ്മ കാരണാൽ നാടുകടത്തപ്പെട്ടു. നാട്ടിൽ നിന്നു നിഷ്കാസനനായ താൻ ബാലയായ തൻെറ ഭാര്യയോടൊത്തു് ഒരു സഹോദരനെയും കൂട്ടി വനവാസമാരംഭിച്ചു. മുനി ആശ്രമങ്ങൾ സന്ദർശിച്ചു. സത്സംഗം തേടിയും കാടു നീളെ നടക്കുംകാലം തൻെറ ഭാര്യയായ സീതയെ ഒരു രാക്ഷസൻ കട്ടുകൊണ്ടു കടന്നുകളഞ്ഞു. ഇതു് രാവണൻ എന്നു പേർകേട്ട ലങ്കാധിപതിയെന്നറിഞ്ഞപ്പോൾ അദ്ദേഹം വല്ലാതെ വിഷമിച്ച് ഇതികർത്ത്യവ്യതാമൂഢനായ ! എങ്കിലും ഉഗ്രമായ തപസാരംഭിച്ചു. തപസ്സിൻെറ ഉഗ്രത അറിഞ്ഞു് അഗസ്ത്യമഹർഷി പ്രത്യക്ഷപ്പെട്ടു് ആവതെല്ലാം പറഞ്ഞുനോക്കി. ആത്മാവിനു യാതൊരാപത്തും വരാനില്ലെന്നും ആകകൊണ്ടു് ദു:ഖത്തിനു് അവകാശമില്ലെന്നും വേദാന്തശാസ്ത്രം അതിഗഹനമായി പ്രതിപാദിച്ചു ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു. അപ്രകാരേണയുള്ള പ്രതിപാദനത്തിൽ ആത്മാവിനു ദു:ഖബാധ ഒരുതരത്തിലും എത്തിച്ചേരാൻ സാധ്യമല്ലാത്ത ബോധസ്രോതസ്സിൽ, സുഖമോ ദു:ഖമോ കേടോ കെടുതിയോ എത്തിച്ചേരുകയില്ലെന്നും ബോധ്യപ്പെടുത്തി കൊടുത്തു. ആയപോലെ ജഡപ്രധാനമായ ശരീരത്തിനും ദു:ഖമുണ്ടാകസാദ്ധ്യമല്ലെന്നിരിക്കെ എന്തിനു ഖേദിക്കുന്നു.

ഇതു കേട്ട ശ്രീരാമചന്ദ്രൻ തൻെറ നില ആകെ അവലോകനം ചെയ്തു് മറുപടി മൊഴിഞ്ഞു. പുണ്ണിൽ കൊള്ളിവെക്കും പോലെ തോന്നിയ യുക്തികളെ തള്ളി. സുഖദുഃഖങ്ങളേശാത്ത ആത്മാവിനു് ദുഃഖമില്ല. ചൈതന്യ വിഹീനമായ ജഡത്തിനും ദുഃഖമുണ്ടാകയില്ലെന്നതുവാസ്തവമെങ്കിൽ മൂന്നാമതായുള്ള ഒരു വസ്തുതത്വം സുഖദുഃഖഭോഗിയായി ശരീരേ നില കൊള്ളുന്നുണ്ടെന്നു പറയണം. അതു പോകുക ആവശ്യവുമാണല്ലോ. ഇതുകേട്ട അഗസ്ത്യമുനി മായയെ ജയിക്കാനുള്ള ശക്തി ലോകത്തിലാർക്കും തന്നെയില്ലെല്ലോ എന്നു പറഞ്ഞു് മഹേശോപാസനയും് ഉപദേശിച്ചു. ഇവിടെ നാം ആവശ്യപ്പെടുന്നതു് അത്യന്നത നിലയങ്ങളുടെ വെളിച്ചത്തെയാണു്. ക്രമാതീതവൈഷമ്യങ്ങളെയും അതിനോടനുബന്ധിച്ച കഠോര ദുഃഖങ്ങളെയും തരണം ചെയ്യുന്നതിനു് ഉപാസന അവശ്യമെന്നു് കാട്ടി, മാർഗ്ഗങ്ങളും കാട്ടുന്നുണ്ടു്. എന്നാൽ നമുക്കു് ആത്മാവിനു ദുഃഖമില്ലെന്നും ജഡം ദുഃഖിക്കാൻ സാധ്യമല്ലാത്തതെന്നും സത്യമെന്നു ധരിച്ചിരിക്കെ ഇവിടെ ദുഃഖിക്കുന്ന മൂന്നാമനാരെന്ന അന്വേഷണം ഉദിക്കുന്നു.

ജീവനു് രണ്ടുഭാവമുണ്ടെന്നും അതിലൊന്നു ഭോഗങ്ങളെ ഭുജിക്കുന്നതാണെന്നും ഒന്നു വ്യഥാ ഇരിക്കുന്നതാണെന്നും വിവരിച്ചു കാണുന്നു. ഒന്നിൽ ഒന്നു ജീവനും മറേറതു സാക്ഷിയുമാകാം. ഇതിൽ ജീവനു മുക്തി ഇല്ലെന്നും സാക്ഷിമുക്തനാകുമെന്നും പറയുന്നുണ്ടു്. ഇവിടെ ഒക്കെ എല്ലാവരും അവ്യക്തതയിൽ നിരങ്ങുകയാണു്.

ആത്മാവല്ലാത്ത ഒന്നു് ചൈതന്യ ചേതനനാവതെങ്ങനെ?

മനസ്സിനു സുഖദുഃഖങ്ങളേൽപ്പിക്കുവതെങ്ങനെ?
പ്രതിബിംബ പുരുഷൻ സുഖിക്കുവതെങ്ങനെ?
ദുഃഖിക്കുവതെങ്ങനെ?

ഇതു പറയാത്ത ശാസ്ത്രം സിദ്ധാന്തമാവതെങ്ങിനെ?

ശ്രീശങ്കര ഭഗവത്പാദർ ബ്രഹ്മ സൂത്രഭാഷ്യ ത്തിൽ ഒരു ഉപോത്ഘാതസിദ്ധാന്തം കാട്ടുന്നുണ്ട്. അതു പഠനയോഗ്യമാണ്.

'യുഷ്മദസ്മത് പ്രത്യയഗോചരയോ വിഷയ
വിഷയിണോസ്തമ.പ്രകാശവദ്വിരുദ്ധസ്വ
ഭാവയോരിതരേതര ഭാവാനുപപത്തൗ
സിദ്ധായാം തദ്ധർമ്മാണാമപിസുതരാമിത
രേതര ഭാവാനുപത്തി.
ഇത്യതോ അസ്മത് പ്രത്യയഗോചരെ
വിഷയിണി ചിദാത്മകേയുഷ്മത് പ്രത്യയ
ഗേചരസ്യ
വിഷയസ്യതദ്ധാമാണാം ചാദ്ധ്യാസ.

തദ്വിപര്യയേണവിഷയിണസ്തദ്ധർമ്മാണാംച
വിഷയേ അദ്ധ്യാസോമിഥ്യേതിഭവിതും യുക്തം

ഇവിടെ വിഷയീവിഷയങ്ങളുടെ ധർമ്മങ്ങളും അന്യോന്യം മാറിപ്പോകയും അതു സംഭവിക്കുമ്പോൾ തെററു പററുകയും ചെയ്യുകകൊണ്ടാണ്. അദ്ധ്യാസ ത്തിന് പ്രസക്തി ഉണ്ടാകുന്നതെന്നു പറഞ്ഞു തരുന്നു. എന്നാൽ നമ്മളുടെ അന്വേഷണം ഇവിടം കൊണ്ടൊതു ങ്ങുന്നില്ല. ആദിയിലെ ബോധസ്രോതസ്സായ ബ്രഹ്മ ത്തിനു ബോധമില്ലായ്മ സംഭവിച്ചോ? സംഭവിച്ച തെങ്ങനെ? ഇവയെല്ലാം വെളിച്ചത്തു കൊണ്ടുവരലാണ് നമ്മുടെ ലക്ഷ്യം.

ഇവിടെ നാനാവിധവാദങ്ങളും ഉടലെടുക്കുന്നതു കാണാം. കുറെയെങ്കിലും നമുക്കു കൈകാര്യം ചെയ്യണം. സമ്മതിച്ചാലും സമ്മതിച്ചില്ലെങ്കിലും ശരിയാ യാലും ഇല്ലെങ്കിലും പരിണാമ വാദത്തിനു തന്നെയാണ് മുൻകൈ എന്നു പറഞ്ഞുകൊള്ളട്ടെ. എന്തെന്നാൽ മനുഷ്യ

രാശിയുടെ അനുഭവപാഠം അവനെ അവിടെയാണു പിടിച്ചു നിറുത്തുന്നതു്. ഇതിൽ ജാതീയമെന്നും വിജാതീയമെന്നും രണ്ടുതരത്തിലെണ്ണുന്നവരുമുണ്ടു്. എന്നാൽ ഇതുപോലെ സമാന്തര ഗമനം ചെയ്യുകയാണു് വിവർത്തവാദവും ചെയ്യുന്നതു്. വിവർത്ത വാദത്തിൽ രജ്ജുസർപ്പവാദവും സ്ഥാണു പുരുഷവാദ്യവും ഒരുജാതി സമാന ഗമനം ചെയ്യുമ്പോൾ മരു മരീചിക വാദം സമാന്തര ഗമനമാണു ചെയ്യുന്നതു്.

ഇവ രണ്ടിൻെറയും സത്യാവസ്ഥയും അനുഭവാവസ്ഥയുംശരിക്കും ചിന്തനീയങ്ങളാണു്. പരിണാമവാദം ഇതിൽ സജാതീയ വിജാതീയ വിഭാഗത്തെക്കാൾ ശുദ്ധമൂലമായ മറെറാന്നുണ്ടു്. അവൻ തൻെറ പൂർവ്വകാല മഹത്വമാകെ മറന്നു്, അധഃപതിച്ചു് യാതൊരു വിശേഷബോധവുമില്ലാതെ തുരീയമെന്തെന്നുപോലുമറിയാതെ ജാഗ്രസ്വപ്ന സുഷുപ്തി കലയിൽ ജാഗ്രത് പ്രധാനനായി കുഞ്ഞായി, പിറന്നു വീഴുകയാണു്.

വിവർത്തവും ഇതുപോലെ അല്ലേ എന്നു ചോദിച്ചാൽ—അല്ല. കയറെന്നുള്ള എല്ലാബോധവും വിട്ടു് സർപ്പബോധമാ മനുഷ്യൻ എന്നാണല്ലോകാണുന്നതു് എന്നു പറയുന്നാകിൽ അതു പരിണാമം പോലെയല്ല.

പരിണാമം ആത്മാവിനു് സ്വയം സംഭവിച്ചിരിക്കയാണു്. അല്ലാതെ മറെറാരു വസ്തുവിൽ ആത്മാവിനു് തെററിദ്ധാരണയുണ്ടാവലല്ല. അതായതു് അവിദ്യകൊണ്ടോ വിഭ്രാന്തികൊണ്ടോ ഉള്ള ഒരു മാററിമറിച്ചിലല്ല. ജീവിയായി പരിണമിക്കാത്ത ഒരാത്മാവും വിവർത്തം അനുഭവിക്കയില്ല. വിവർത്തം ജീവിയുടെ സ്വന്തം വിഭ്രാന്തിയാണു്. ആത്മാവിനു് വിഭ്രാന്തി ഉണ്ടാകാമെന്നതു് സർവസമ്മതമാകയില്ല. ഒരു കുഞ്ഞിനോടു് എത്രമേൽ പറഞ്ഞാലും അതിനു് താൻ വിവർത്തത്തിൽ പെട്ടതാണെന്നു് അറികയില്ല. അതിനു് കാലം വേണം, വിദ്യാഭ്യാസംവേണം, മന്ദബുദ്ധി

ക്രംക്കാണെങ്കിൽ സാധനാചതുഷ്ടയം വേണം. ജിജ്ഞാസവേണം, മുമുക്ഷുത്വം വേണം—എന്നു വേണ്ടാ എന്തൊക്കെയോ കടന്നാലേ ആത്മപ്രാപ്തി ഉണ്ടാകൂ. അഹം പ്രത്യയധാരിയായ ആത്മാവിനാണ് പരിണാമം വന്നുകൂടുന്നതു്. ജീവരാശിയുടെ ആവിർഭാവം തന്നെ ഉടലെടുക്കുന്നതു് പരിണാമവശാലാണെന്നു സമ്മതിച്ചു പോകും. അല്ലെങ്കിൽ പൂർവമീമാംസകരെ പോലെ ജീവൻ നിത്യമെന്നു സമ്മതിച്ച് സർവദുരിത ഭാണ്ഡവുമേന്തി നടക്കലാകും വിധി. മരുമരീചികയിലെ വിവർത്തം, രജ്ജുസർപ്പം, മായും പോലെ മായുന്നുമില്ല. മായുമിടം പറഞ്ഞെങ്കിൽ അതൊരുത്തമ ഉദാഹരണമാകുമായിരുന്നു.

മരുമരീചികയിലെ വിവർത്തം മായുന്നുമില്ല ശ്രദ്ധ ഇടമെത്തുന്നുമില്ല. അതു് പരിണാമത്തിൽ വന്നവസ്ഥാനിക്കലാണ്.

വിവർത്ത പരിണാമങ്ങളുടെ സ്ഥായിയായ വ്യത്യാസം ഒന്നു് ബോധംകൊണ്ടുമാറുമെന്നുമാണ്. എന്നാൽ ശമം, ദമം, ഉപരതി, തിതിക്ഷ മുതലായവ പ്രവൃത്തി പക്ഷമാണ്. വളഞ്ഞ മുളയെ കാച്ചി നൂർത്തെടുക്കും പോലെ ഒരു പ്രവർത്തനം. ശ്രീധരന്റെ അഭിപ്രായമാണെങ്കിൽ വ്യത്യന്തം കണ്ട ചിത്തത്തിൽ മരുമരീചികമായുമെന്നാണ്. വാസന അററചിത്തവും ജലസംഭരണി കാണുകയില്ല. ഇങ്ങനെ ഇവിടെ എത്തി പരിണാമം കടന്നു് അംബുജാക്ഷനായി തീർന്നു് വികല്പവ്യാധി മാററി നിലകൊള്ളും. ഇത്രയുംകൊണ്ടു ശ്രീധരനന്നുന്നതു് വിവർത്തം കൊണ്ടു് ആരൂഢനമാത്രം ജഗത്തുനിവർത്തിക്കും വിവരണമാണെന്നും പരിണാമപരിഹാരം കണ്ടെത്തുന്നവൻ ആരൂഢനാകുമെന്നും വിവർത്തവും കടക്കും എന്നുമാണ്.

ഇനിയും ഈ വഴിക്കു കൂടുതൽ നീങ്ങാം. പരിണാമ പരിഹാരം പ്രവർത്ത്യോന്മുഖമാണ്. വിവർത്തവും നിവൃത്തിജ്ഞാനോന്മുഖമാണ്.

ഭക്തി, ഉപാസന, കർമ്മം, അഷ്ടാംഗയോഗം ഇവകളും സാധനാചതുഷ്ടയവും ഇതിന്റെ മാർഗ്ഗങ്ങളാണ്. ശ്രവണ മനനനിധിദ്ധ്യാസനം പോലും കർമ്മഭാഗമാണെന്നും വേണമെങ്കിൽ പറയാം.

ശ്രവണ മനനനിധിദ്ധ്യാസനമേ ആരൂഢനാവശ്യമുള്ളു. ബാക്കിയെല്ലാം അവൻ മുൻകൂർ കഴിഞ്ഞവനാണ് ആകകൊണ്ടാണ് ജ്ഞാനിക്ക് ശ്രവണ മനന നിധിദ്ധ്യാസനം വിധിച്ച് വിവർത്ത പരിഹാരം കണ്ടെത്തുന്നത്. വിവർത്തം പരിഹാര്യമാണെന്നുള്ളതും സർവ്വസമ്മതമാണ്. പക്ഷെ ആരൂഢനെ അതു പ്രയോജനം ചെയ്യൂ. പരിണമിച്ചതിനെ അതു പരിഹരിക്കുന്നില്ല.

എങ്ങനെ എന്നു ഞാൻ പറയാം. ഒരു കുഞ്ഞ് ആത്മവാനാണ് എന്നു വരികിലുംഅതിനു വിവർത്തം കൊള്ളുന്നില്ല. അതിനും പ്രധാനമായി ബോധഹീനതയാണ് പരിഹരിക്കേണ്ടതെങ്കിലും, അതിനു ജീവിക്കണം, വളരണം, ആഹരിക്കണം, പഠിക്കണം പിന്നീടാരൂഢനായി മുക്തനാകണം. ഇവിടെപരിണാമം സമ്മതമാണ് അതിനാൽ പരിണാമ വിവർത്ത വ്യതിയാനം നമുക്കു തഴയാം.

കാശിക്കുപോകുന്നവൻ കായംകുളത്തുനിന്നേ തിരിക്കുന്നപോലെയും മററവൻ വാരണാസിയിൽ നിന്നും തിരിക്കുംപോലെയും കരുതണം.

ഇതവിടെ നിൽക്കട്ടെ. നമുക്കു കൂടുതൽ കാര്യങ്ങളിലേക്കു വീണ്ടും കടക്കാം. വിവർത്തമോ പരിണാമമോ സ്വീകരിച്ച് നാം എന്താണു സാധിക്കേണ്ടതു്? മുക്തി. മുക്തി എന്താണ്? ബന്ധനമില്ലാതിരിക്കൽ. പരിണാമ പരിഹാരത്തിനു ഭക്തി, ഉപാസന ഇവകളെ കൊണ്ടു ചില പരിഹാരങ്ങളും പറയുന്നു. ഒന്ന് മോചിതനായ, തന്നാൽ ആരാധ്യനായ മഹാപുരുഷൻ—പുരുഷോത്തമനിൽ—ചെന്നു ചേരുക. നിത്യമുക്തനിൽ

ചേർന്നവൻ മുക്തൻ തന്നെ എന്നൊരു ന്യായം സത്യത്തിലവർക്കു പറയാനുണ്ട്. പരിശുദ്ധനായി തീർന്ന പ്രാണൻ സൂര്യനിൽ എത്തിച്ചേർന്നാൽ കരടായി നിൽക്കാൻ സാധിക്കാത്തതുപോലെ എന്നു പറയണം. ഇവിടെയും ശാസ്ത്രവിവരണക്കാർ ഇടംകോലു് വെയ്ക്കുന്നുണ്ട്, കരടുകളില്ലെങ്കിലും ഭേധാഭാവത്താൽ, തന്നെ അറിയായ്കയാൽ, അവിടെ നിലകൊള്ളുന്ന ഭർഗ്ഗനെ, ലോകാചാര്യനെ, സമീപിച്ച് രക്ഷാമാർഗ്ഗമാവശ്യപ്പെട്ട്, താൻ തന്നെയാണ് ആ രക്ഷദാതാവായ ആത്മാവെന്നു കാട്ടി മുക്തനാക്കുന്നു. ഇങ്ങനെ മോചനം പറയുന്നു. തിരിച്ചു വരവു പറയുന്നില്ല.

എന്നാൽ പരമാത്മാവിൽ പററിക്കൂടിയ കൃമികളെപ്പോലെ ചില ജീവനെ വേദം പറയുന്നുണ്ട്. അതു മോചിക്കുന്നതായി പറയുന്നുമില്ല. നിദ്രാലംബിതനായ ആ പരമാത്മാ സഹികെട്ടെന്നോണം പ്രളയം അഥവാ വിശ്രമം, അഥവാ നിദ്ര അവസാനിക്കുവോളം സഹിച്ചോ അറിയാതെയോ കിടന്നിട്ട് നിദ്ര കഴിയുമ്പോഠ വൈകാരിക വിക്രിയകളോടുകൂടിയ ഈ ജീവസമൂഹത്തെ വീണ്ടും അതിൻെറ വഴിക്കടിച്ചു കളഞ്ഞു് നിലകൊള്ളുന്നു.

ഇനിയും മറെറാരു വശത്തേക്കു തിരിയാം. എങ്ങും വ്യാപിച്ച് പരിപൂർണ്ണനായി, അന്തമററു്, നിറവുററു നില്ക്കുന്ന ബ്രഹ്മത്തിലാണ് ജീവരാശികഠ അറിയപ്പെടുന്നതു്. പുളിച്ചിട്ടാണോ, കൃമിച്ചിട്ടാണോ ഇതിൽ— ഉള്ളില്ല' പുറമറിയാനേയില്ല, കൃമിസദൃശജീവികഠ കാണപ്പെടുന്നതു്. ഇതു വാസ്തവമോ? ബ്രഹ്മം എങ്ങനെ ഇതെല്ലാം സഹിക്കും. ഈ നിലയ്ക്കുള്ള ഈ ക്ഷണമാണോ വേദവേദാന്തങ്ങഠ നമുക്കു സംഭാവന തരുന്നതു്.

ഈ തരത്തിലുള്ള ആക്ഷേപാർഹവും നിന്ദ്യവുമായ കാഴ്ചപ്പാട് ദൂരേക്കെറിഞ്ഞു് പൂർണ്ണമായ ബ്രഹ്മ

ത്തെ പൂർണ്ണമെന്നു തന്നെ അറിഞ്ഞു് സധൈര്യം മുന്നേറുക. ഇതത്രേ വേദവേദാന്തങ്ങളുടെ അരുളുകൾ. അവകളെ നമുക്കു ജീവരാശികൾക്കു വിളിച്ചു കാട്ടിത്തരുന്ന ത്രികാലജ്ഞാനികളും ബ്രഹ്മജ്ഞാനികളുമായ മഹത്തുക്കളിൽ നിന്നും ശ്രവണം ഗ്രഹിച്ചു് പൂർണ്ണനെന്നുറപ്പാക്കുക. ഇതിൽ ഉറപ്പാക്കൽപോലും ഒരു പ്രവൃത്തിയല്ലെന്നു മനസ്സിലാക്കികൊള്ളണം. ബോധാഗാധതയിലെ തെളിവു മാത്രം.

ബ്രഹ്മം പുളിച്ചില്ല
പരിണമിച്ചില്ലെടോ
വിവർത്തഭ്രാന്തിയതി
നാളിനേം കിട്ടില്ല.

പിന്നെവിടെടോ
ബന്ധമോക്ഷാവസ്ഥ
ഉള്ളോട്ടുള്ളോട്ടുനോക്കു
ആത്മാവണ്ടെത്തുപെട്ടും

സർവത്രദർശിച്ചെന്നാൽ
ബ്രഹ്മമായ് ബോധ്യമാമേ

എങ്ങുമേ ഭ്രഷ്ടില്ല
തെറ്റൊന്നും പററീട്ടില്ല
സത്യബോധാമൃതേ
മൃത്യുവോ തെറേറാ

പോകേണ്ടും വഴികാട്ടി
ചെന്നെത്തും ഇടം നോക്കാം.

യോഗജ്ഞാനങ്ങളെങ്ങും
പൊന്തുമേ ആത്മാ തന്നിൽ
ജ്ഞാനമേ ഉള്ളതിങ്കൽ
യോഗമതാനന്ദേക്കൂട്ടം കൂട്ടാം

ആയതിൽ ലയിപ്പത—
ങ്ങെങ്ങനെ കാട്ടും

മാനസം ലയിക്കുമ്പോൾ
നിർവികല്പം കടന്നവരും
നിർവിചാരനായീടിൽ
നിരീഹനെന്നോതുമേ

ഇങ്ങനുള്ള സമാധികൾ
നൽകുമോ മോക്ഷദൃതി
നിർവാസനയായീടുമ്പോൾ
എത്തീടും സൂക്ഷ്മമോചനം.

സൂക്ഷ്മ മോചനമെത്തുമ്പോൾ
അനുഭവാവസ്ഥ കാണുമോ
അതിലേറി മരുങ്ങുമ്പോൾ
കാണില്ലാ അനുഭവിപ്പോനെ

അനുഭവിപ്പാനാളില്ലെങ്കിൽ
കേവലാവസ്ഥയാകുമോ
ഇതു ശ്രീധര വിവക്ഷയാം

ഇതിനെ ഞാൻ വിവരിക്കാം
പച്ച മലയാള ഭാഷയായ്

ഇനിയും മററു ചില സത്യാന്വേഷണങ്ങൾക്ക് യാത്രയാകാം. ഉദാഹരണങ്ങൾ കടഞ്ഞിട്ടു പരിശോധിക്കൽ ശ്രീധരനു സുസമ്മതമല്ല. എങ്കിലും ചിലപ്പോൾ ചിലയിടത്തു് അതു ചെയ്തു സത്യം കണ്ടെത്താമോ എന്നു നോക്കാം.

മുയൽകൊമ്പു് വിവർത്തമോ പരിണാമമോ അല്ല. അതു വൃഥാ വാചകമെന്നു ചൊല്ലി തഴയാം. വന്ധ്യാപുത്രനും അതുപോലെ തന്നെ. എന്നാൽ മരുമരീചിക

അതല്ല. വെള്ളമില്ലാത്ത ദേശത്തു് ജലംകാണുന്ന ജീവി കരം. മററു രണ്ടിടത്തും വാചകമേ ഉള്ളു. വസ്തുതത്വമില്ല. പക്ഷേ മരു മരീചികയിൽ ജലം കാണുന്ന ജീവി വരം. ഇല്ലാത്തതെങ്കിലും മരു മരീചികകളിൽ ജലം കാണുന്ന പ്രത്യക്ഷം, അല്ലാതെ മററു രണ്ടിനേയും പോലെ അർത്ഥശൂന്യമല്ല. പ്രത്യക്ഷം പ്രമാണമാണെങ്കിലും ഘടിക്കുന്നില്ലിവിടൊട്ടും. എന്നാലും മരുമരീചിക മാത്രമേ യഥാർത്ഥ ലോകത്തെ ചിത്രീകരിക്കുന്ന ഒരു യാഥാർത്ഥ്യമാകുന്നുള്ളു.

കാരണം മററുള്ളവയെല്ലാം അവിദ്യയെ ആശ്രയിച്ചുള്ളവയാണ്. എങ്ങനെ? ഇതു് ആലോചനാഹീനമായ തീവ്ര അവിദ്യാഫലമാണ്. ഇവിടെ അവിദ്യയേ കളിക്കുന്നുള്ളു. മറെറാന്നു് രജ്ജുസർപ്പമാണ്. ഇതു് ഒന്നിനെ മറെറാന്നായി കണ്ട തെററിനാലാണ്. ശ്രീശങ്കരഭഗവദ് പാദരുടെ കൂടുതൽ പ്രവർത്തനവും ഇതിലാണ്. അധ്യാസം മുതലായ പ്രയോഗങ്ങൾക്കു് കളമൊരുക്കിയതും ഈ പ്രയോഗങ്ങളാണ്.

എന്നാൽ മരു മരീചികയിൽ അവിദ്യയല്ല പ്രധാനകരു. ഇവിടെ ശക്തി പ്രഹരമാണ് കണ്ടെത്തുന്നതു്. സൂര്യഘോരാതപശക്തി ജലമില്ലാത്തയിടത്തു് ജലമുള്ള പ്രതീതി വന്നു ചേരുന്നതായി കാട്ടുന്നു. അപ്രകാരമുള്ള ശക്തി ദേവനോ ദേവതകൾക്കോ നേരിടാൻ സാധ്യമല്ലെന്നുമാത്രം. ആ വിധം ഉജ്ജ്വല പ്രകടനമാണു് ആ ശക്തി വിശേഷം കാട്ടുന്നതു്. ഇതിൽ ഇല്ലാ ജലം കാണുന്നുണ്ടല്ലോ. അതവിദ്യയല്ലേ. അതിനെന്തുപറയും. പറയാം. അല്ലാ ഇതു് ശക്തി പ്രതിഭാസ വിജൃംഭണംമാത്രമാണ്. അതുപോലെയല്ല രജ്ജുവിലെ സർപ്പഭ്രാന്തി. അവിദ്യ ആത്മശക്തിയല്ലെ. അല്ലാ. പിന്നെ ആത്മാവിനു വെളിയിലെ ശക്തിയോ. അല്ലാ. ബോധത്തിനു ബോധക്കേട ശക്തി ആകാമോ? പിന്നാരുടെ ശക്തിയാണ്?

അഭാവം പദാൎത്ഥമാവും പോലെ. അതെങ്ങനെ? വിവരിച്ചാൽ കൊള്ളാം. ചെയ്യാം. ചന്ദ്രനുള്ളതാണ്. പക്ഷേരാഹു ഉള്ളതല്ല,നിഴലാണ്,പ്രകാശാഭാവമാണ്. ഇവിടെ ഉള്ളതായ പദാർത്ഥത്തെ മറയ്ക്കുന്നു. അങ്ങനെ അഭാവം പ്രത്യക്ഷമായി. പ്രത്യക്ഷം പദാൎത്ഥമാക്കി അങ്ങനെ പദാൎത്ഥ ഗണനയിൽപെട്ടു. സ്വയം നിലനില്പില്ലെങ്കിലും നിലനില്പുള്ളതിനെ തഴയുകയാൽ തഴയുന്ന നിലനില്പുണ്ടെന്നു വന്നു. ആകയാൽ പദാൎത്ഥമാക്കി കണക്കാക്കി. പ്രത്യക്ഷം പ്രമാണമാണല്ലോ. സ്വയം രാഹു പ്രത്യക്ഷമല്ല പക്ഷേ സൂര്യ ചന്ദ്രന്മാരെ മറയ്ക്കുമ്പോഠം ഒരഭാവമവതരിച്ച് പ്രത്യക്ഷമാകുന്നു. ആത്മാതന്നെ ആയാലും അതിനെ കണ്ടറിയാൻ ശ്രമിച്ചാൽ ആ ചിത് സൂര്യഘോരാതപ ശക്തികാരണാൽ ജഗത്തു് കണ്ടെത്തുമെന്നാണ്.

അതുകൊണ്ടു് ഈ വാദം മറേറതു വാദത്തേക്കാളും ഭേദമെന്നുതന്നെ പറയാം. അതുപോലെ പരിണാമ വാദത്തിനും ചില മേന്മകഠംഉണ്ടു്. എന്തുകൊണ്ടു്. അതും അവിദ്യാപ്രേരിതമല്ല. ശക്തി പ്രേരിതമാണ്. ജലം ആവിയാകുന്നതോ അവിദ്യാകാരണമല്ല. ശക്തിപ്രേരിതമാണ്. അതുപോലെ വിജാതീയ പരിണാമവും ശക്തികാരണമാണ് അവിദ്യാകാരണമല്ല. ഇവയെല്ലാം കണക്കിലെടുത്താൽ ആത്മാ അഥവാ ബ്രഹ്മം എങ്ങനെയിരിക്കുന്നു എന്ന അന്വേഷണം ബഹിർമുഖമാകുമ്പോഠം വരുന്ന പരിമിതികളാണ് ഇവയെല്ലാമെന്നറിയാം. ബ്രഹ്മത്തിനു വെളിയില്ലകവുമില്ല. പിന്നെ എങ്ങനെ എവിടെ കണ്ടെത്തും. അതായി നില കൊള്ളും. അതാണ് തത്വമസി കാട്ടുന്നതും

ഇത്രയൊക്കെ പറഞ്ഞെങ്കിലും ചില ഉറപ്പുകഠം ആത്മവാന്മാർക്കു നല്കേണ്ടതുണ്ടു്.

സിദ്ധാന്തത്തെ ദൃഢമായുറപ്പിച്ച്, സിദ്ധാന്തത്തോടു കിടപിടിച്ചു നില്ക്കുന്ന വസ്തു ലക്ഷീകരണത്തിലെ ചില പരിമിതികഠം വെളിച്ചം കാട്ടി സിദ്ധാ

ന്തേതര പദങ്ങളുടെ കുറവുകൾ അനുഭവസിദ്ധമാക്കണം. അതെങ്ങനെ?പൂർണ്ണ സമ്മതാർഹമാകുന്നില്ലെന്നു കാട്ടി, സിദ്ധാന്തം ബലവത്തായുറപ്പിക്കണം.

ഇതിനായി മുൻ ശാസ്ത്രങ്ങൾ ശരിക്കും പരിശോധിക്കണം. മർമ്മങ്ങൾ വെളിച്ചത്തു കൊണ്ടുവരണം.

ജനിച്ചുപോയ ജീവരാശികൾക്കു രക്ഷാമാർഗ്ഗമുണ്ടോ. അതേതു്?

ദുഃഖനിവൃത്തി സാദ്ധ്യമോ?

ന്യായ ദാർശിനികർ പറവതെങ്ങനെ? അതു് ജീവരാശിരക്ഷയെ ചെയ്യുമോ?

വൈശേഷികർ പറവതെന്തു്. അതു രക്ഷിക്കുമോ ജീവനെ?

സാംഖ്യം കാട്ടുവതെങ്ങനെ അതു രക്ഷിക്കുമോ ജീവജാലാദികളെ?

യോഗമാർഗ്ഗമതെന്തു്? അതു രക്ഷിപ്പതെങ്ങനെ?

വേദാന്തമാർഗ്ഗമതെന്തു്? അതു രക്ഷിക്കും വഴിഎങ്ങനെ?

ഓരോന്നോരോന്നായി നമുക്കു വിലയിരുത്തി നോക്കാം.

പ്രമാണ പ്രമേയ, സംശയ, പ്രയോജന, ദൃഷ്ടാന്ത സിദ്ധാന്താ,വയവ,തർക്ക, നിർണ്ണയ വാദ,ജല്പവിതണ്ഡാ,ഹേത്വാഭാസ, ഛല, ജാതി, നിഗ്രഹസ്ഥാനാ,
തത്വജ്ഞാനാനി ശ്രേയ സാധിഗമ:

ഇതിൽ പറഞ്ഞിരിക്കുന്ന ഓരോപദവും വിശകലനം ചെയ്തു പഠിച്ചു് അവ സൂചിപ്പിക്കുന്ന അഥവാ ലക്ഷീകരിക്കുന്ന വസ്തുതത്വം എന്തെന്നറിയുമ്പോൾ ഉണ്ടാകുന്ന തത്വജ്ഞാനോദയത്താൽ മോക്ഷപ്രാപ്തി സാദ്ധ്യമെന്നാണു് പറയുന്നതു്.

ദു:ഖജന്മ പ്രവൃത്തി ദോഷ
മിത്ഥ്യാ ജ്ഞാനാനമുത്തരോ!
ത്തരാ പായേ തദന്തരാപായാദപവർഗ്ഗ:

ഇതിൽ പിമ്പു പിമ്പു പറഞ്ഞിരിക്കുന്നതിൻെറ നാശത്താൽ മുമ്പുമുമ്പുള്ളവ നശിക്കുമെന്നതുകൊണ്ടു ഇതിൻെറ എല്ലാം വിശകലന പഠനത്താൽ മോക്ഷ പ്രാപ്തി ഉണ്ടാകുമെന്നാണു് പറഞ്ഞു കാട്ടുന്നതു്. ഇതിനെ അൽപം കൂടി വിവരിക്കാം. തെററായ അറിവു മാററിയാൽ പ്രവൃത്തിദോഷം ഉണ്ടാകയില്ല. തീയ്ക്കു ചൂടില്ലാ എന്നു പറയുന്നതിലെ സൂചനയെ മനസ്സിലാക്കാതിരുന്നാൽ അതിൻെറ ശബ്ദാർത്ഥത്തിലെടുക്കും, തെററുപററും. അപ്രകാരമുള്ള തെററായ ജ്ഞാനത്തെ നിരാകരിച്ചു് അതിലുണ്ടാവുന്ന പ്രവൃത്തിദോഷത്തെ ഒഴിവാക്കണം. പ്രവൃത്തിദോഷം ഒഴിവായാൽ ജന്മകാരണമില്ലെന്നാകും. ജന്മനാശം സംഭവിച്ചാൽ ദു:ഖമൊഴിവാകും.

ഇങ്ങനെ ന്യായസൂത്രങ്ങൾ നമ്മെ വേദാന്തം തന്നെയാണു് പഠിപ്പിക്കുന്നതു്. വേദാന്ത ശാസ്ത്രത്തിലെ അതായതു് ഉത്തരമീമാംസയിലെ പോലെ തന്നെയാണു് അതാവിഷ്കരിച്ചിരിക്കുന്നതു്. വേദാന്തത്തിലെ കാതലായ തത്വം ശോകനാശവും അതിഹർഷവുമാണു്.

ബ്രഹ്മസൂത്രത്തിലെ ആദ്യ നാലു സൂത്രങ്ങൾ പോലെ ന്യായത്തിൻെറ തത്വജ്ഞാനങ്ങളുടെ ആകെ മൊത്തം തന്നെയാണു് മുമ്പറഞ്ഞ രണ്ടു സൂത്രങ്ങളും. ബ്രഹ്മസൂത്രത്തിലെ ചതു സൂത്രി കാട്ടുമ്പോലെ ന്യായത്തിലെ ആദ്യ രണ്ടു സൂത്രങ്ങളും ന്യായത്തിൻെറ മർമ്മത്തെ വെളിച്ചത്തു കാട്ടുന്നു.

ബാക്കി സൂത്രങ്ങൾ ഈ സൂത്രങ്ങളെ വിശകലനം ചെയ്യുകയും ന്യായത്തിൻെറ വിശേഷ വിധികൾ എടുത്തു പറഞ്ഞു് ശാസ്ത്രം ഉറപ്പിക്കുകയും ചെയ്യുന്നു.

വേദാന്തം ന്യായത്തെയുമാദരിക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ ന്യായം വേദാന്തത്തിന്റെ ഒരു സഹയാത്രികനാണ്. അപകടത്തെ തടയുന്നവനും.

ഇനിയും നമുക്ക വൈശേഷിക ദർശനത്തിലേക്കൽപം കടക്കാം. എന്റെ അഭിപ്രായത്തിൽ ന്യായവും വൈശേഷികവും ഒന്നു തന്നെയാണ്. ഒരു നാണയത്തിന്റെ രണ്ടു പുറങ്ങൾ. ഇവ രണ്ടും ചേർന്നാണ് മുമ്പു തർക്കശാസ്ത്രമെന്നറിയപ്പെട്ടിരുന്നത്. ആയപോലെ സാംഖ്യം ഒററയ്ക്ക് നിൽക്കുന്നില്ല. അതു വേദാന്തത്തോടു ചേർന്നാണു നിൽക്കുന്നത്. ഇത് ശ്രീമദ് ഭഗവത്ഗീതയിൽ നിന്നും വ്യക്തമായിക്കിട്ടും.

ഈ രീതിയിൽ ഒന്നു ക്രോഡീകരിക്കുമ്പോൾ, ന്യായവൈശേഷികങ്ങളൊന്ന്, യോഗ സാംഖ്യ മീമാംസകളൊന്ന്. അതു ചേർത്തുനോക്കിയാൽ വേദാന്തമാകെ ഒന്നെന്നു കിട്ടും.

ന്യായശാസ്ത്രം മോക്ഷം നിത്യമോചനം ലക്ഷീകരിച്ചിറങ്ങുമ്പോൾ വൈശേഷികം മോക്ഷസിദ്ധിയും അതിന്റെ മാർഗ്ഗമെന്നറിയപ്പെടുന്ന ധർമ്മം നിത്യമോചന പ്രാപ്തിയുമാണെന്നു കാട്ടുന്നു. ഇതിനെ ചുററി വലം വച്ച് സ്വസിദ്ധാന്താവിഷ്ക്കരണം ചെയ്കയാണ് വൈശേഷികം ചെയ്യുന്നത്.

'യതോഽഭ്യുദയനിശ്രേയസ സിദ്ധിസ്സധർമ്മ:'
യാതൊന്നു കൊണ്ടാണോ ജ്ഞാനോദയവും തത്വജ്ഞാനവും മോക്ഷവും സിദ്ധിക്കുന്നത് അതിനെ ധർമ്മമെന്നു പറയുന്നു.

'നാത്മ മനസോ സന്നികർഷാ
ഭാവേ പ്രത്യക്ഷോത്പത്തി'

ആത്മ മനസ്സുകളുടെ സമ്മേളനമുണ്ടാകുന്നില്ലെങ്കിൽ പ്രത്യക്ഷോത്പത്തിക്കു സാദ്ധ്യതയില്ല. ഇവിടെ പ്രത്യക്ഷമെന്നു പറയുന്നതു് പ്രപഞ്ചം മാത്രമല്ല. ഇന്ദ്രിയഗോചരമായതെല്ലാം പെടും ഇതെടുത്തു പറയുന്നതു് ആത്മാ അതിൻെറ ചൈതന്യത്തെ കൊടുക്കുന്നില്ലെങ്കിൽ മനസ്സു് നിഷ്പ്രഭം പ്രവർത്തന രഹിതമാകും എന്നു കാട്ടാനാണ്.

'യന്മനസാനമനുതേ
യേനാഹുർ മനോമതം
തദേവ ബ്രഹ്മത്വം വിദ്ധി
നേദം യദിതമുപാസതേ.'

ഇവിടെ വേദാന്തം പറയുന്നതും മറ്റൊന്നുമല്ല. മനസ്സിനു കഴിവുനല്കുന്നതു് ആത്മാ അഥവാ ബ്രഹ്മം എന്നു തന്നെയാണല്ലോ. അല്ലാതെ ഉപാസനയാൽ മനസ്സു് ഏതിനെയെങ്കിലും ഒന്നിനോടു് അടുത്തു വരുന്നുവെങ്കിൽ അതു് കേവല പ്രത്യക്ഷമാണ്. അല്ലാതെ അതു് ബ്രഹ്മമല്ല.

'ബാധനാ ലക്ഷണ ദുഃഖാ'

താൻ ബാധിക്കപ്പെട്ടതായി കാണുന്നുവെങ്കിൽ അതു ദുഃഖമാണ്. പററുതലററുനില്പതേ മുക്തി. ഇങ്ങനെ മുക്തിലക്ഷണങ്ങളും പലരും പലവിധം കാട്ടുന്നു.

'തദത്യന്ത വിമോക്ഷോഽപവർഗ്ഗഃ'

ഇപ്രകാരമുള്ള സകല മാലിന്യങ്ങളിൽനിന്നും പൂർണ്ണമോചനം തന്നെ മോക്ഷമെന്നു പറയപ്പെടുന്നു. ഇവിടെയൊക്കെ വേദാന്തവുമായി എത്ര വ്യക്തമായി യോജിക്കുന്നു. ചില പ്രത്യേക വിശകലന വിവരണത്തിൽ വേദാന്തത്തെ അല്പമകന്നു കാണുന്നു എന്നല്ലാതെ ഒന്നിനും വേദാന്ത വിദ്വേഷം ഒട്ടും തന്നെയില്ല.

സാംഖ്യത്തിലേക്ക കടന്നാൽ—
'അഥത്രിവിധ ദു:ഖാത്യന്ത
നിവൃത്തിരത്യന്ത പുരുഷാർത്ഥ'

മുൻ പറഞ്ഞ തദത്യന്ത വിമോക്ഷോ അപവർഗ്ഗ' എന്നു പറഞ്ഞതു തന്നെ മറ്റൊരു തരത്തിൽ പറഞ്ഞു കാണുന്നതു് സർവദു:ഖ നിവാരണമാണു്. സർവദു:ഖ നിവാരണമാണു് അത്യന്ത പുരുഷാർത്ഥമെന്നു പറഞ്ഞു തന്നു. അല്ലാതെ തൽക്കാല ശാന്തി അല്ലെന്നുറപ്പിക്കുന്നു.

ഗീതയാണെങ്കിൽ
'യം ഹീന വ്യഥയന്തേ തേ
പുരുഷം പുരുഷർഷഭ
സമദു:ഖ സുഖം ധീരം
സോ അമൃത ത്വായ കല്പതേ'

വിഷയങ്ങളോടുള്ള ചേർച്ചയേ സമമായി വീക്ഷിക്കുന്നവനും യാതൊരുവനെയാണോ ആ വകകൾ ഒട്ടും തന്നെ വ്യാകുലപ്പെടുത്താത്തതും അവൻ മോക്ഷത്തിനർഹനാണു് എന്നു കല്പിക്കുന്നു.

'അവ്യക്തോഽയമചിന്ത്യോഽയം
അവികാര്യോഽയമുച്യതേ
തസ്മാദേവം വിദിത്വൈനം
നാനു ശോചിതു മർഹസി'

ദു:ഖാത്യന്ത നിവൃത്തിയെ കുടഞ്ഞിട്ടു പെറുക്കി പെറുക്കി കാട്ടുകയാണു് ഗീതയിലെ സാംഖ്യം ചെയ്യുന്നതു്. ഇതാ നോക്കുക. ഈ ആത്മാ അവ്യക്തമാണു്, അചിന്ത്യമാണു്, വികാരരഹിതമാണു്. ഇപ്രകാരേണ യറിഞ്ഞു് ആത്മവാനു് ശോകത്തിനു കാര്യമില്ലെന്നറിയണം.

'ആത്മന്യേ വാത്മന തുഷ്ടാ
സ്ഥിത പ്രജ്ഞ സ്ഥിതോച്യതേ'

ആത്മാവു കൊണ്ട് ആത്മാവിൽ തന്നെ സന്തുഷ്ടിയെ പ്രാപിച്ചിരിക്കുന്നവൻ സ്ഥിത പ്രജ്ഞനെന്നുപറയപ്പെടുന്നു.

'യദാസംഹരതേ ചായം
കൂർമ്മോംഗാനീവ സർവശ:
ഇന്ദ്രിയാണിന്ദ്രിയാർത്ഥേഭ്യ
സ്തസ്യപ്രജ്ഞാ പ്രതിഷ്ടിതാ'

ആമ അതിൻെറ അവയവങ്ങളെ ഉള്ളിലേക്കു വലിച്ച് അടങ്ങി നിലകൊള്ളുംപോലെ യാതൊരുവൻ ഇന്ദ്രിയങ്ങളെ ഇന്ദ്രിയാർത്ഥങ്ങളിൽ—ഇന്ദ്രിയവിഷയങ്ങളിൽ—നിന്നും പിൻവലിച്ച്, സ്വസ്ഥനാകുന്നതു് അവൻ ബോധത്തിൽ പ്രതിഷ്ടിതനെന്നറിഞ്ഞാലും.

സാംഖ്യത്തിൽ നിന്നും യോഗത്തിലേക്കു മാറുമ്പോഴം ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. സാംഖ്യം കർമ്മത്തിലാസക്തനല്ലാതെ സ്ഥിത പ്രജ്ഞ സ്വഭാവനാകാൻ പറയുന്നു. യോഗം യമനിയമാസന പ്രാണായാമ പ്രത്യാഹാര ധാരണാധ്യാനസമാധികളെ പറഞ്ഞു് പ്രവൃത്ത്യോന്മുഖനാക്കി മുന്നേറാൻ സുവ്യക്തമാതൃകയിൽ ഇന്നതിന്നതെന്നു പ്രവചിച്ച് ജിജ്ഞാസുവിനെ തൃപ്തനാക്കി നയിക്കുന്നു. എന്നാൽ സാംഖ്യത്തിലെ പല ആത്മാക്കളം എന്നതിനെ യോഗവും ഒട്ടൊക്കെ അനുകൂലിക്കുന്നുണ്ട്. പൂർവമീമാംസയും ഇതിനോടു യോജിച്ചു കാണുന്നു. ആത്മാ ഏകമെന്നും അതു ബ്രഹ്മം തന്നെയെന്നും ബ്രഹ്മമെന്നറികകൊണ്ടു മാത്രം എന്നു മാത്രമല്ല അതുകൊണ്ടു മാത്രമേ അത്യന്ത നിവൃത്തി സാദ്ധ്യമാകുമെന്നുമാണ് വേദാന്ത സമ്മതം ഇവിടമെല്ലാം നമുക്ക് മനസ്സിരുത്തി പഠിക്കാം

യോഗോപനിഷത്

'ആസനം പ്രാണ സംരോധോ
ധ്യാനം ചൈവ സമാധിക:
ഏതച്ചതുഷ്ടയം വിദ്ധി
സർവയോ ഗേഷ്ഠ സമ്മതം'

'യമനിയമാസന പ്രാണായാമ
പ്രത്യാഹാര ധരണാ ധ്യാന സമാധി'

എന്നെട്ടാണല്ലോ അഷ്ടാംഗ യോഗവിധി. മുൻ പറഞ്ഞതുമിതുമായി വലിയ വ്യത്യാസമൊന്നുമില്ല. ആദ്യത്തേതിൽ ചിലവ കൂട്ടിചേർത്തു് എണ്ണം കുറച്ചുവെന്നേ ഉള്ളു.

നിത്യാനിത്യ വസ്തു വിവേകം
ഇഹാമുത്ര ഫലഭോഗ വിരാഗം
ശമാദിഷട്ക സമ്പത്തി മുമുക്ഷുത്വം
ഇവ നാലും സാധനയത്രേ

ഇവയെ ഞാൻ വിവരിച്ചാൽ വേണ്ടതുപോലെ അറിയണം. വേണ്ടതിനെ അറിയണം. ഈ ലോകത്തിലും പരലോകത്തിലുമുള്ള വിരക്തി. ശമം, ദമം, ഉപരതി, തതിക്ഷ ശ്രദ്ധ സമാധാനം ഇവയാണ് ആറുസാധനകൾ സാധിക്കേണ്ടവകൾ അവസാനമായി മോക്ഷേച്ഛ. ഇങ്ങനെ സാധനം ചതുഷ്ടയം പറഞ്ഞൊതുക്കുന്നു. ഇവയെയെല്ലാം ഞാൻ മുൻ പാഠങ്ങളിൽ വിവരിച്ചിട്ടുള്ളതുകൊണ്ട് അതിലേക്ക വിശേഷ്യ കടക്കുന്നില്ല. ഒന്നുമാത്രം നിങ്ങളോർക്കുക ഇവ സാധനാ ചതുഷ്ടയങ്ങളാണ്. സാധിച്ചെടുക്കേണ്ടവയാണ്.

ആത്മാവുകൊണ്ട് ആത്മാവിനെ തന്നെ മനനം ചെയ്തു കൊള്ളുന്നവനെ മുനിയെന്നു പറയുന്നു. 'ആത്മന്യേവാത്മന സ്തുഷ്ട സ്ഥിത പ്രജ്ഞസ ഉച്യതേ.'

'യമോഹിനിയമസ്ത്യാഗോ
മൗനം ദേശശ്ച കാലത:
ആസനം മൂല ബന്ധശ്ച
ദേഹ സാമ്യം ച ദൃക്സ്ഥിതി

പ്രാണ സംയമനം ചൈവ
പ്രത്യാഹാരശ്ച ധാരണാ
ആത്മധ്യാനം സമാധിശ്ച
പ്രോക്താന്നം ഗാനി വൈക്രമാത്'

യമം, നിയമം, ത്യാഗം, മൗനം, ദേശം, കാലം, ആസനം, മൂലബന്ധം, ദേഹസാമ്യം, ദൃക്സ്ഥിതി, പ്രാണസംയമനം, പ്രത്യാഹാരം, ധാരണ ആത്മധ്യാനം, സമാധി ഇവകളെയാണ് യോഗം അതിന്റെ അംഗങ്ങളായി വിവരിച്ചിരിക്കുന്നത്.

'സർവം ബ്രഹ്മേതിവൈജ്ഞാനാദ്
ഇന്ദ്രിയഗ്രാമസംയമ:
യമോയമീതി സംപ്രോക്തോ
അഭ്യസിനീയോ മുഹുർമുഹു:'

സർവം ബ്രഹ്മമാണെന്ന അറിവിനാൽ ഇന്ദ്രിയഗ്രാമങ്ങളെ നിയന്ത്രിച്ചു നിലകൊള്ളുന്നതിനു യമമെന്നു പറയുന്നു. ഇതിനെ ഇടതടവില്ലാതെ അഭ്യസിച്ചാലും. ഇവിടെ യോഗം തനി ആത്മജ്ഞാനം മാത്രമാണ് പറയുന്നത്. ഇന്ദ്രിയങ്ങളെ ജയിച്ചു നിലകൊള്ളൽ സാദ്ധ്യമെന്നു പറഞ്ഞിട്ട് അതിനെ അഭ്യസനീയോമുഹുർമ്മുഹു: എന്നുകൂടി പറയുന്നുണ്ടെന്നോർക്കണം. ഈ ഗുണകാംക്ഷ യോഗത്തിന്റെ സ്വത സിദ്ധമായ വാസനയാണ്. ഈ ഗുണ നിരൂപണം യോഗിക്കായാലും ജ്ഞാനിക്കായാലും ഉൽക്കർഷത്തെ അല്ലാതെ അപകർഷത്തെ ചെയ്കയില്ലല്ലോ.

'സജാതീയ പ്രവാഹശ്ച
വിജാതീയ തിരസ്കൃതി:

നീയമോഹിപരാനന്ദോ
നീയമാത് ക്രീയതേ ബുധൈ'

ആത്മാനുഭവ പ്രവാഹത്താൽ വിപരീതാനുഭവ പ്രവാഹത്തെ, മിഥ്യാജ്ഞാന പ്രവാഹത്തെ ഒഴക്കികളയലത്രേ നിയമത്തിൽ ചെയ്യപ്പെടുന്നതു്. നിഷ്ടയാൽ പരാനന്ദത്തെയാണ് ബുധജനങ്ങൾ കടഞ്ഞെടുക്കുന്നതു്.

'ത്യാഗപ്രപഞ്ചരൂപസ്യ
സച്ചിദാത്മാവലോകനാത്
ത്യാഗോഹിമഹതാം പൂജ്യ:
സദ്യോമോക്ഷപ്രദായക:'

ചിദാത്മാവിൻെറ അവലോകനേന പ്രപഞ്ചരൂപ ത്യാഗത്തെ ചെയ്യലത്രെ മഹത്തുക്കളാലാദരിക്കപ്പെടുന്ന ത്യാഗം. അതു് സദ്യോമുക്തിയെകൊടുക്കുന്നതാണ്.

'യസ്മാദ് വാചോനിവർത്തന്തേ
അപ്രാപ്യമനസാസഹ
യന്മൗനം യോഗിഭിർഗമ്യം
തദ്ഭവേ സർവദാബുധ:
തദ്ഭവേത് സർവദാജഡൈ.' (പാഠാന്തരം)

യാതൊരാത്മാവിൻെറ വിശദീകരണത്തിനാരംഭിക്കുമ്പോഴാണോ ഇതു് സാദ്ധ്യമല്ലെന്നു ക[illegible] വച [illegible] മനസോടുകൂടി പിൻ വാങ്ങുന്നതു്, അപ്രകാരേണബുധജനങ്ങൾക്കു് അത്മാന്വേഷണത്തിൽ സർവദാ അനുഭവപ്പെടുന്ന അനുഭവത്തെ അത്രേ ബുധജനങ്ങൾ മൗനമെന്നതിനാൽ കാട്ടുന്നതു്.

'ആദാവന്തേചമധ്യേ ച
ജനോയസ്മിന്നവിദ്യതേ
യേനേദം സതതം വ്യാപ്തം
സദേശോ വിമനസ്മൃത.'

യാതൊരിടത്താണോ, ആദിയിലോ അന്തത്തിലോ മധ്യത്തിലോ അവിദ്യാ ജന്യമായ വിഷയമില്ലാതിരിക്കുന്നതു് യാതൊന്നിലാണോ സർവം വ്യാപിക്കപ്പെട്ടിരിക്കുന്നതു്. ആ ഭവ ശൂന്യമായ ആ ബ്രഹ്മത്തെത്തന്നെയാണു് ദേശശബ്ദം ഓർമ്മിപ്പിക്കുന്നതു്.

'കല്പനാസർവ ഭൂതാനാം
ബ്രഹ്മാദീനാം നിമേഷത:
കാലശ്ബദേന നിർദ്ദിഷ്ടം
ഹ്യഖണ്ഡാനന്ദമദ്വയം'

അദ്വയമായിരിക്കുന്ന അഖണ്ഡാനന്ദത്തിൽ കല്പനയാ—അദ്ധ്യാരോപത്തിൽ—ബ്രഹ്മാദികീട പര്യന്തമുള്ള സർവഭൂതസൃഷ്ടി കാണും നിമിഷത്തെ കാലശബ്ദം കൊണ്ടു പറയുന്നു.

സുഖേനൈവ ഭവേദ്യ സ്മിന്നജസ്രം ബ്രഹ്മചിന്തനം
ആസന തദ് വിജാനീയാദ്
അന്യസുഖ വിനാശനം'

സ്ഥിരസുഖമാസനം എന്നതിനെ തെളിച്ചു കാട്ടുന്നതോടൊപ്പം അവസ്ഥ എന്ന പ്രയോഗം കൊണ്ടു് നിശ്ചലജ്ഞാനമാസനം എന്ന അവസ്ഥയെക്കൂടി കാട്ടുകയാണു് ചെയ്യുന്നതു്. ഇതല്ലാതെയുള്ള ആസനങ്ങൾ സുഖവിനാശിനികളാണു്.

'യമ്മൂലം സർവഭൂതാനാം (ലോകാനാം)
യന്മൂലം ചിത്ത ബന്ധനം
മൂലബന്ധസദാസേവ്യോ
യോഗ്യോസൌരാജയോഗിനാം (ബ്രഹ്മവാദിനാം)

യാതൊന്നാണോ സർവലോകങ്ങൾക്കും—സർവഭൂതങ്ങൾക്കും മൂലകാരണമായി നിലകൊള്ളുന്നതു്, യാ

ർത്താന്നം കൊണ്ടാണോ ചിത്ത ബന്ധനം സാദ്ധ്യമാ കുന്നതു് അതിനെ മൂലബന്ധമെന്ന പറയുന്നു.

'ദൃഷ്ടിജ്ഞാനമയിം കൃത്വാ
പശ്യേദ് ബ്രഹ്മമയം ജഗത്
സാദൃഷ്ടിപരമോദാരാ
നനാസാഗ്രാവലോകിനി'

ദ്രഷ്ട ദർശന ദൃശ്യാനാം
വിരാമോ യത്ര വാഭവേത്
ദൃഷ്ടിസ്തത്രൈവകർത്തവ്യാ
നനാസാഗ്രാവലോകിനി

ദൃഷ്ടിയെ ജ്ഞാന സമ്പന്നമാക്കി തീർത്തിട്ട് ജഗത്തിനെ ബ്രഹ്മമയമായി കാണുക എന്നതിനെയാണു് ദൃഷ്ടി എന്നതിനാൽ സൂചിപ്പിക്കുന്നതു്. അല്ലാതെ മൂക്കിനററം അവലോകനം ചെയ്യലല്ല.

ദ്രഷ്ടാ, ദർശനം, ദൃശ്യം ഈ കാഴ്ചപ്പാടിന്റെ വിരാമമെവിടെയാണോ സംഭവിക്കുന്നതു് അപ്രകാരമുള്ള ദൃഷ്ടി നിലനിർത്തലാണ് കർത്തവ്യം അല്ലാതെ മൂക്കററം അവലോകനം ചെയ്യലല്ല.

ചിത്താദിസർവഭാവേഷു
ബ്രഹ്മത്വേ നൈവ ഭാവനാത്
നിരോധോസർവ വൃത്തീനാം
പ്രാണായാമ സ ഉച്യതേ.

നിഷേധനം പ്രപഞ്ചസ്യ
രേചകാഖ്യാ സമീരത:
ബ്രഹ്മൈവാ സ്മീതിയാവൃത്തി:
പൂരകോ വായുരുച്യതേ
തതസ്തദ് വൃത്തി നൈശ്ചല്ല്യം
കുംഭകം പ്രാണ സംയമ:

ചിത്താദി സർവഭാവങ്ങളും ബ്രഹ്മഭാവനയാൽ നിരോധിച്ച് സർവവൃത്തികളേയുമടക്കുന്നതിനു് പ്രാണായാമമെന്നു പറയുന്നു.

പ്രപഞ്ചത്തിൻെറ നിഷേധത്തിനുരേചകമെന്നു പറയുന്നു, ബ്രഹ്മമാണെന്നുള്ള വൃത്തി പുലർത്തുന്നതിനെ പൂരകമെന്ന പ്രാണായാമമായി പറയുന്നു. അങ്ങനെയുള്ള വൃത്തികളെ നിശ്ചലമാക്കി നില്ക്കുന്നതിനു് കുംഭകമെന്ന പ്രാണായാമമായി പറയുന്നു പ്രബുദ്ധരായുള്ളവർക്കുള്ള പ്രാണായാമ വിധിയിതാണു്. അല്ലാത്തവർക്കു് ഘ്രാണപീഡതന്നെ പ്രാണായാമം.

'അയം ചാപി പ്രബുദ്ധാനാം
മജ്ഞാനം ഘ്രാണ പീഡനം
'വിഷയേഷ്വാത്മതാംദൃഷ്ട്വാ
മനസശ്ചിത്തരജ്ജകം
പ്രത്യാഹാര സവിജ്ഞയോ
അഭ്യസനീയോമുഹുമുഹു:'

നല്ലവണ്ണം പ്രബുദ്ധനായുള്ളവനുള്ള വിധിമേൽ പറഞ്ഞതാണു്. അജ്ഞാനികളുടേതു് ഘ്രാണപീഡനം മാത്രമാണു്. വിഷയങ്ങളെ ആത്മ ദൃഷ്ട്യാ വീക്ഷിച്ചിട്ടു് മാനസം ചിതിഭജ്ഞനം ചെയ്യുന്നതിനെ പ്രത്യാഹാരമെന്നു വിജ്ഞൻമാർ പറയുന്നു. ഇതിനെ മേക്ഷേശ്ചുക്കരം നല്ലവണ്ണമഭ്യസിക്കണം.

യത്ര യത്ര മനോയാതി
ബ്രഹ്മണ സ്തത്രദർശനാൽ
മനസാധാരണംചൈവ
ധാരണാ സാ പരമതാ.'

എവിടെവിടെയെല്ലാം മാനസം ചെന്നാലും അവിടെയെല്ലാം ബ്രഹ്മദർശനലഭ്യതയാൽ മനസ്സിനിളക്ക

മില്ലാതെ ഭവിക്കുന്ന അതിനെ ഉത്തമമായ ധാരണയെ ന്നു ജ്ഞാനികൾ കരുതുന്നു.

'ബ്രഹ്മൈവാസ്മീതി
നിരാലംബതയാസ്ഥിതി:
ധ്യാന ശബ്ദേന വിഖ്യാത:
പരമാനന്ദ ദായക:'

'നിർവികാരതയാവൃത്യാ
ബ്രഹ്മാകാരതയാ പുന:
വൃത്തി വിസ്മരണം സമ്യക്
സമാധിഭിരഭിധീയതേ'

ഞാൻ ബ്രഹ്മമാണെന്ന സദ്വൃത്തികൊണ്ടു നിരാലംബമായി നിലകൊള്ളുന്ന സ്ഥിതിവിശേഷത്തിനു പരമാനന്ദദായിനിയായ ധ്യാനം എന്നു വിഖ്യാതമാകുന്നു.

നിർവികാരതകൊണ്ടു വൃത്തിയെ ബ്രഹ്മാകാര വൃത്തിയാക്കി മാററിയിട്ടു വേണ്ടവിധത്തിൽ വൃത്തി വിസ്മരണം സാധിച്ചാൽ ജ്ഞാന സമാധിയെന്നു പറയുന്നു.

'ഏതം ച അകൃത്രിമാനന്ദം
താവൽ സാധു സമഭ്യസേൽ
വശ്യോയാവൽ ക്ഷണാൽ പുംസ:
പ്രയുക്തസൻ ഭവേൽ സ്വയം'

തത: സാധന നിർമക്ത:
സിദ്ധോ ഭവതിയോഗിരാട്ട്
തത്സ്വരൂപം ഭവേത്തസ്യ
വിഷയോ മനസോ ഗിരാം'

മനസ്സ് പൂർണ്ണമായടങ്ങി നിമിഷങ്ങൾകം സ്വയം ബ്രഹ്മത്തിൽ ലയിക്കുമോ ആ സംഭവം വരെ സാധു ഇതിനെ പരിശീലിക്കണം.

ഇപ്രകാരം ഈ നില പൂർണ്ണമായി വന്നതിനു ശേഷം യോഗിരാട് സാധനകളിൽ നിന്നും സിദ്ധനോ മുക്തനോ ആയിത്തീരുന്നു. ഈ ആളുടെ നിലവാരം അഥവാ സ്വരൂപം വാചാമഗോചരമാണ്.

'യേഹിവൃത്തിം ജഹത്യേനാം ബ്രഹ്മാഖ്യാം
പാവനീംപരാം
വൃഥൈവതേതു ജീവന്തിപശുഭിശ്ച സമാനരാ:
യേഹിവൃത്തിം വിജാനന്തിയേജ്ഞാത്വാവർദ്ധ—
യന്ത്യപി
തേവൈസൽ പുരുഷോ ധന്യവന്യസ്തേ—
ഭുവനത്രയേ.'

പാവനിയും പരമവുമായ ബ്രഹ്മവൃത്തിയെ ആർ അറികയും വർദ്ധിപ്പിക്കുകയും ചെയ്യുന്നുവോ അവർ ത്രിലോക വന്ദ്യരത്രേ. യാതൊരുവനാണോ ഈ വൃത്തി നന്നായി വളർന്നു പാകം വന്ന് സമതയെ പ്രാപിച്ചു നില്ക്കുന്നുവോ അവനത്രെ ഉണ്മയായ ബ്രഹ്മീഭാവത്തിലെത്തി ചേർന്നവൻ. അല്ലാതെ ശബ്ദവാചി പ്രാസംഗികരല്ല.

'നിമേഷാർദ്ധം നതിഷ്ടന്തി വൃത്തിബ്രഹ്മ—
മയിംവിനാ
യഥാതിഷ്ടന്തി ബ്രഹ്മാദ്യാ: സനകാദ്യ:
ശുകാദയ:

ബ്രഹ്മാവ് സനകാദികൾ ശുകൻ തുടങ്ങിയ മഹാത്മാക്കൾ ഇരിക്കുന്നതുപോലെ സാധകർ അരനിമിഷം പോലും ബ്രഹ്മവൃത്തിയിലിരിക്കുന്നില്ല.

'ആനന്ദാത്മാ പ്രിയോഹ്യാത്മാ
മോക്ഷാത്മ ബന്ധ വർജ്ജിത'

ശൂന്യാത്മാ സൂക്ഷ്മരൂപാത്മാ
വിശ്വാത്മാ വിശ്വഹീനക:

'സർവസങ്കല്പ ഹീനാത്മാ
ചിന്മാത്രോസ്മീതി സർവദാം'

'നാമരൂപ വിഹീനാത്മാ
പരസംവിൽ സുഖാത്മക:

'യസ്യ പ്രപഞ്ച മാനം ന
ബ്രഹ്മാകാരമ പീഹന
സ്വ സ്വരൂപേ സ്വയം ജ്യോതി'
സ്വ സ്വരൂപേ സ്വയം രതി'

'വാചാമ ഗോചരാനന്ദോ
വാഗ്മനോ*f*ഗോചരം സ്വയം
അതീതാതീത ഭാവോയോ
വൈ ദേഹീ മുക്ത ഏവസ.'

'ചിത്തവൃത്തേ രതീതോ
യശ്ചിത്ത വൃത്ത്യവഭാസക
സർവവൃത്തി വിഹീനാത്മാ
വൈദേഹീ മുക്ത ഏവസ:'

"സർവതേജ പ്രകാശാത്മ
നാദാനന്ദ മയാത്മക
സർവാനുഭവ നിർമുക്ത
സർവ ധ്യാന വിവർജ ജിത.'

'മായാകാര്യാദികം നാസ്തി
മായാ നാസ്തി ഭയം നഹി.'

മുമ്പു കൊടുത്തിരിക്കുന്ന വരികളെല്ലാം തേജോ ബിന്ദു പനിഷത്തിലേതാണ്. അതു് ആത്മ നിലക്ക വഴി തെളിക്കുന്നതാകകൊണ്ടു് അവലോകനാ വിഷയ മാക്കിയതാണ്.

ഇനിയും നമുക്കു മററു ചില ഇടങ്ങരം കാണാം. ഇവിടെ മനനം, ധാരണ, ധ്യാനം ഇവ സമ്മേളിക്കുമിട ങ്ങളാണു്. യോഗജ്ഞാന ജന്യങ്ങളുമാണു്. കടക്കാം നമുക്കവിടേയും.

മേരു മേരു വെന്നു വേദാന്തികരം അറിയുന്നതു് ശിര സിനെയാണ്. അതിൻെറ തണ്ടു് അഥവാ തണ്ടായി റ ട്ടെല്ലും, കന്തമെന്നതു് സാധാരണയായി നാഭീകന്തത്തെ കുറിക്കുന്നു. ഇവിടെ നിന്നുമാണ് സൂക്ഷ്മപ്രാണ സ ഞ്ചാര ഇടങ്ങളായ സർവ പ്രധാന നാഡികളും ആരംഭി ക്കുന്നതു്. ഈ ദണ്ഡിനെ ആറാധാര സ്ഥാനങ്ങരം അല ങ്കരിക്കുന്നുണ്ടു്. മൂലാധാരം സ്വാധിഷ്ടാനം, മണി പൂരം, അനാഹതം, വിശുദ്ധം, ആജ്ഞ ഇങ്ങനെ യാണ് ആറു്. ഇതു് സർവസമ്മതമാണ്. ഇതിൽ നി ന്നും അന്യമായി ആധാരങ്ങരം ഇല്ലെന്നു തീരുമാനിച്ചു കളയരുതു്. എന്തെന്നാൽ ആജ്ഞാ ചക്രത്തിനും മീതേ കൈലാസാഖ്യമിതിൻ മീതേ രോധനീ ബിന്ദു സ്ഥാ നങ്ങളതിന്നും മേൽ എന്നു വിവരിക്കുന്നുണ്ടു്. ഇതിന്നു ദള വിവരണം കാണുന്നില്ല. അതുകൊണ്ടായിരിക്കാം അതു ഷഡാധാര ഇനങ്ങളിൽ ഉരംപ്പെടുത്താഞ്ഞതു്. ഇതിനുപ രിയായി സഹസ്രദള പത്മവും വിവരിക്കപ്പെടുന്നുണ്ടു് സുഷുമ്നാനാഡിയെ കാശിയെന്നുംവിളിക്കുന്നുണ്ടു്. വാര ണയ്ക്കും അസിക്കും ഇടയ്ക്കുള്ള സ്ഥലം കാശി. ഉജ്വ ലത്തായി പ്രകാശിച്ചു കൊണ്ടിരിക്കുമിടം. ഇവിടെ പ്ര വേശിച്ച ജീവനു് പുനർജ്ജന്മമില്ലഎന്നും പറയപ്പെടു ന്നുണ്ടു്. കുണ്ഡലിനീ ശക്തിയായാണ് ജീവൻ സുഷു മ്നയിൽ പ്രവേശിക്കുന്നതു്. ഇവിടെ പ്രവേശിച്ച ജീ വൻ ബ്രഹ്മാത്മൈക്യം പ്രാപിച്ചു് അദ്വൈതിയായി താനായി സർവത്തെയും കാണും. ഇവിടെ ഷഡാധാര

ങ്ങളിൽ പ്രവേശിക്കും ജീവൻ അതിൻെറ ദളങ്ങളിൽ നിന്നും ഉത്ഭൂതമാകുന്ന ശബ്ദങ്ങളറിഞ്ഞു് ആ ശബ്ദങ്ങൾ ഇന്നദളത്തിലേതെന്നറിഞ്ഞു നിലകൊള്ളും. ഇവിടെ നാനാവർണ്ണങ്ങളും രത്നസമാനമായ പ്രകാശവും അനുഭവപ്പെടും. ഇതിനെ ദേവീഭാഗവതത്തിൽ വർണ്ണിച്ചിരിക്കുന്നതു് ശ്രദ്ധിക്കുക.

'അങ്ങോട്ടു പോകുമ്പഴുതുപ്രകാശാ
മടങ്ങിടുമ്പോളമൃതായമാനാ

(ഉള്ളിൽ) അന്തഃപതത്തിൽ സതതം ചരിക്കും
ആനന്ദരൂപേ ശരണം മഹേശി'

ഇവിടെ ഓരോ ദളങ്ങളിലും പ്രവേശിക്കുമ്പോൾ ശബ്ദങ്ങളും വർണ്ണങ്ങളും അനുഭവപ്പെടുന്നുണ്ടു്. ഇങ്ങനെയുള്ള ശബ്ദങ്ങളെ മുൻനിർത്തിയാണു് സംസ്കൃത ലിപി പടുത്തുയർത്തിയിരിക്കുന്നതു്. ഇതു് ഹംസയോഗികൾക്കനുഭവഗമ്യമാണു് ഇതു് ജ്ഞാനികൾക്കും നിർബന്ധമെങ്കിൽ സാധ്യമാണു്. അതിശീഘ്രം പായുന്ന കുണ്ഡലിനീ ശക്തിയെ നിർത്തി ദളപരിശോധന വിരളമായേ ജ്ഞാനി ചെയ്യാറുള്ളൂ. കത്തിച്ചുവിട്ട വാണം പോലെ, മത്താപ്പുകത്തിച്ച രീതിയിലുള്ള ശുദ്ധപ്രകാശമാനമായാണു് അതിൻെറ പ്രയാണം അതുകൊണ്ടാണു് ജ്ഞാനി ദളങ്ങളിൽ അതിവേഗം കടന്നുകടന്നു പോകുന്നതു്. ആജ്ഞാചക്രംവരയെ ശബ്ദാനുഭവത്തിൽ തരംതിരിഞ്ഞു കാണൂ. സഹസ്രദളത്തിൽ തനി പ്രണവം ധ്വനിക്കും. എന്നാൽ മഹേശ്വരൻെറ ഡമരുനാദം അവിടെ കേൾക്കുന്നനുഭവമുണ്ടു്.

ഇനിയും ഹൃദയത്തെ അല്പം വിവരിക്കട്ടെ.

ഛാന്ദോഗ്യം 'യദ്വൈതദ് ബ്രഹ്മേതീദം
വാവതദ

2–12–3 യോƒയം ബഹിർധാ പുരുഷാദാകാശ
യോവൈസബഹിർധാ പുരുഷാദാകാശ;

'അയം വാവസയോ/യമന്തർ പുരുഷ്
ആകാശേറ
അയവാവാസയോ/യമന്തർ ഹൃദയാ
കാശ:
യോ വൈസോ അന്തപുരുഷ ആകാശ
ഹൃദയ ആകാശ
സ്തദേതത് പൂർണ്ണമ പ്രവത്തി
പൂർണ്ണാ
മപ്രവത്തിനീശ്രിയംലഭതേയ്യ ഏവം
വേദ'

തദ്—തദ്—അതു് അതു് എന്നു പറയുന്നതു് ഈ ബ്രഹ്മം തന്നെയാകുന്നു. അതു് ഈ ബ്രഹ്മംതന്നെയാകുന്നു.

പുരുഷനിൽനിന്നും പുറത്തുള്ള ഈ ആകാശം തത് അതു് എന്നറിയുന്ന ഈ ആകാശം തന്നെയാകുന്നു. പുരുഷന്റെ ഉള്ളിലുള്ള ആകാശമെന്നു പറയുന്ന ആ അതു് പുരുഷന്റെ ഉള്ളിലുള്ള ഹൃദയാകാശമാകുന്നു. ഈ ഹൃദയാകാശം ബ്രഹ്മംതന്നെയാകുന്നു. അതു് പൂർണ്ണവും വികാരരഹിതവുമാകുന്നു. ഇപ്രകാരമറിയുമവൻ പൂർണ്ണവും പ്രവത്തിരഹിതവുമാകുന്നു. ഇപ്രകാരമറിയുമവൻ പൂർണ്ണവും പ്രവർത്തിരഹിതവുമായ ശ്രീയേ പ്രാപിക്കുന്നു. ബ്രഹ്മമാകുന്നു.

ഛാന്ദോഗ്യം 3—13—1

'തസ്യഹവാ ഏതസ്യ ഹൃദയസ്യ പഞ്ചദേവ
സുഷയ.സയോ/സ്യപ്രാങ്സുഷി.സപ്രാ
ണസ്തച്ഛക്ഷു:സആദിത്യസ്തദേതത്തേ ജോ
അന്നാദ്യമിത്യുപാസീതതേജസ്വിന്നാ
ദോഭവതിയ ഏവം വേദ.'

ഇപ്രകാരമുള്ള ഈ ഹൃദയത്തിന് അഞ്ചു പ്രകാശ ദ്വാരങ്ങളുണ്ട്. അതിന്റെ കിഴക്കോട്ടു പ്രയാണം ചെയ്യുന്ന നിറവുററ ജ്യോതിസ് ചക്ഷുസാകുന്നു.ഹൃദയത്തിലുള്ള ഈ പ്രാണ ജ്യോതിസും ആദിത്യനിലെ പ്രാണ ജ്യോതിസ്സുമൊന്നുതന്നെയാകയാൽ ഇവ രണ്ടു മൊന്നെന്നു കണ്ടുപാസിക്കണം, ഇങ്ങനെ ചെയ്യുന്നവൻ തേജസ്വിയായും ധാരാളം അന്നം ആഹരിക്കുന്നവനായും ഭവിക്കും.

ഛാന്ദോഗ്യം തുടർച്ച

'അഥയോ/സ്യദക്ഷിണ: സുഷി:
സവ്യാനസ്തഛ്റാത്രം സ ചന്ദ്രമാസ്ത
ദേതഛ്റീശ്ചയശശ്ചേത്യുപാസീത ശ്രീമാൻ
യശസ്വീഭവതിയയേവം വേദ.'

'അഥയോ/സ്യപ്രത്യങ് സുഷി:സോ/പാന.
സാവക്സോ അഗ്നിസ്തദേതദ്
ബ്രഹ്മവച്ചസമന്നാദോഭവതി
എയേ വം വേദ.'

'അഥയോ/സ്യോദങ് സുഷി. സസമാന.
തന്മന: സപർജ്ജന്യസ്തദേതത്കീർത്തിശ്ച
വ്യുഷ്ടിശ്ചേത്യുപാസീത, കീർത്തിമാൻ
വ്യുഷ്ടിമാൻ ഭവതിയയേവം വേദ.'

'അഥയോ/സ്യോർദ്ധം സുഷി. സഉദാന.
സവായു. സ ആകാശ സ്തദേതദോജശ്ച
മഹഛേത്യുപാസീത ഓജസ്വീമഹസ്വാൻ
ഭകതിയയേവം വേദ.'

'സർവ്വം ഖല്വിതം ബ്രഹ്മതജ്ജലാനിതിശാന്ത
ഉപാസീത, അഥഖലുക്രതുമയ.പുരുഷോയാഥാ
ക്രതുരസ്മിംല്ലോകേ പുരുഷോഭവതി
തഥേത:പ്രേത്യഭവതിസക്രതും കർവ്വീത.'

ബ്രഹ്മത്തിൽനിന്നും ഉണ്ടായി അതിൽതന്നെ നിലകൊണ്ടു് അതിൽ തന്നെ ലയിക്കുന്നതായ സർവ്വവും ബ്രഹ്മം തന്നെയാണു്. ഇതേ വിധം പ്രശാന്തനായി ഉപാസിക്കണം. മേൽ പറഞ്ഞവിധം നിശ്ചയത്തെ ചെയ്യണം. ഈ ലോകത്തിൽ പുരുഷൻ ഏതു വിധനിശ്ചയത്തോടെ നിലകൊള്ളുന്നുവോ അപ്രകാരമുള്ളവനായി ഭവിക്കുന്നു.

ഇത്രയും കാട്ടിയതുകൊണ്ടു് ഹൃദയാകാശമെന്നതു് ശിരാന്തരാളത്തിലുള്ളതാണെന്നും വന്നു കഴിഞ്ഞു. ഇനിയും കൂടുതൽ കടക്കാം.

ഛാന്ദോഗ്യം

8—1—1 'ഓം അഥയദിനമസ്മിൻ ബ്രഹ്മ പുരേ ദഹരം
പുണ്ഡരീകം വേശ്മ ദഹരോ/സ്മിന്നന്ത രാകാശ:
തസ്മിൻയദന്തസ്തദന്വേഷ്ടവ്യം,തദ്വാവ
വിജിജ്ഞാസിതവ്യമിതി.'

ഈ ബ്രഹ്മപുരമാകുന്ന ശരീരത്തിൽ പുണ്ഡരീക സമാനമായ ഒരു വാസസ്ഥാനമുണ്ടു്. ആ ഗൃഹത്തിനുള്ളിൽ ചെറുതായ ആകാശമൊന്നുണ്ടു് അതിനുള്ളിലുള്ള അതിനെ അന്വേഷിക്കേണ്ടതാണറിയേണ്ടതുമാണു്.

ഛാന്ദോഗ്യം

8—1—3 'യാവാൻ വാ അയമാകാശ സ്താവാനേഷോ
അന്തർഹൃദയആകാശ ഉഭേ അസ്മിൻദ്യോവാ
പൃഥിവീ അന്തരേ വസമാഹിതേഉഭാവഗ്നിശ്ച
വായുശ്ച സൂര്യചന്ദ്രമസാവുഭൗവിദ്യുന്നക്ഷ
ത്രാണിയശ്ചാസ്യേഹാസ്തിയച്ചനാസ്തി
സർവം തദസ്മിൻ സമാഹിതമിതി.'

ഈ വെളിയിലുള്ള ആകാശം എത്രത്തോള മുള്ളതാ ണോ അത്രത്തോളമുള്ളതാണ് ഈ ഹൃദയാന്തർഗതമായി കാണുന്ന ആകാശവും. ഈ ആകാശത്തിനുള്ളിൽ ദ്യോവും പൃഥിവിയും, അഗ്നിയും വായുവും, സൂര്യനും ചന്ദ്ര നും, വിദ്യുത്തും നക്ഷത്രങ്ങളും എന്നല്ല യാതൊന്നെല്ലാം ഈ ദേഹക്കു് വിശപത്തിലുണ്ടോ അവയും ഏതില്ലയോ അതും സ്ഥിതിചെയ്യുന്നുണ്ടു്. ഇതിനെ വീണ്ടും അവ ലോകനം ചെയ്താൽ, ഇക്കാണും ജഗത്തു മുഴുവനും കാ ണുന്ന ആളിനെ ബിന്ദുവാക്കിയാണു കാണുന്നതെന്നറി യാൻ കഴിയും. ആരൊക്കെ എവിടെല്ലാമായിരുന്നാലും ലോകമദ്ധ്യം അവന്റെ ഹൃദയ പുണ്ഡരീകമദ്ധ്യം തന്നെ കാശിയിലിരിപ്പവനും, കാശ്മീരിലിരിപ്പവനും കാട്മണ്ഡുവിലിരിപ്പവനും, കന്യാകുമാരിയിലിരിപ്പ വനും ബിന്ദുസ്ഥാനം തന്റെ തന്റെ ഹൃദയപുണ്ഡ രീക മദ്ധ്യം തന്നെ. ഇനിയും ചന്ദ്രനിലിരുന്നാലും സൂര്യാന്തർഗതനായാലും ധ്രുവനിലിരുന്നാലും, സപ്ത ഋഷിമണ്ഡലേയിരുന്നാലും, ആകാശഗംഗയിലേ തിട ത്തിലിരുന്നാലും, ജഗത്തിലേതിടത്തിലിരുന്നാലും അവനവന്റെ ഹൃദ്പുണ്ഡരീകമദ്ധ്യം തന്നെ മദ്ധ്യ കേന്ദ്രം—സെൻറർ ഓഫ് ദ യൂണിവേഴ്സ്—നീലാം ബരവിതാന മുണ്ടു്, നക്ഷത്രദീപങ്ങളണ്ടൊട്ടനേകം ഉജ്ജ്വല പ്രഭാകരനുണ്ടു്, ശീതകിരണനുണ്ടു്. എന്തിനേ റപ്പറയുന്നു, ഈ വിധേനയുള്ള ആത്മപുരുഷ മദ്ധ്യകേ ന്ദ്രം തന്നെയാണു് ജഗത്തിന്റെയും മദ്ധ്യം. ഇതിനെ എങ്ങനെ നീതീകരിക്കും. പറയാം ശ്രദ്ധയാ അനുഗമി ക്കുക.

ലോകത്തിൽ പൂജ്യമായൊരു പൂജ്യപദമുണ്ടു്. അതു് അണോരണീയാനായ ഒരു സംപൂജ്യ പദമായ ആത്മപദമാണ്.

അതുപോലെതന്നെ ലോകത്തിൽ പൂർണ്ണമെന്നൊ രു സർവാദരണീയമായ പദമുണ്ടു്. ഇതു് ബൃഹത്തായ സർവാദരണീയമായ ബ്രഹ്മമാണു്. ഈ സംപൂജ്യ മായ ആത്മാവും സർവാദരണീയമായി ബ്രഹ്മവും

ഒന്നുതന്നെയെന്നാണ്. ശ്രുതിഘോഷിക്കുന്നത്. ആക കൊണ്ട് ഇവകളുടെ നിലപാടും ചേർച്ചയും ചിന്താവിഷയമാക്കാം.

അണോരണീയാനെന്നു പറഞ്ഞാൽ ഉള്ളിനു മുള്ളിലുള്ളഏതോ അത്, അഥവാ ഏതോ ഒന്ന്.

ഏതിനുമുള്ളിലുള്ളതേത്. ഇത് മനനവിഷയമാക്കി ബോധ്യപ്പെടേണ്ടതാണ്. ഈ വിധം അറിയുമ്പോൾ ഇത് ബോധമാണെന്നെത്തുപെടും, ആനന്ദമാണെന്നറിഞ്ഞാലും തെററില്ല. എന്തെന്നാൽ ബോധം ആനന്ദത്തിനുപോലും പുറമേ അല്ല. ഇങ്ങനെ ബോധനില മനനാലുറപ്പിച്ച് അതിവിപുലമായ അടുത്ത പരിപാടിയിൽ കടക്കുകക. ഇനിയും ധ്യാനവിഷയമാണ്.

ബോധത്തിനും ആനന്ദത്തിനും മദ്ധ്യകേന്ദ്രം തോന്നും: എന്നാൽ പൂർണ്ണമായ ബ്രഹ്മത്തിനു മദ്ധ്യമോ പുറമോ ഇല്ലെന്നറിയണം. എന്തെന്നാൽ അതിൻെറ ഒരു ഭാഗവും മറുഭാഗവും തമ്മിൽ വേർപെടുമിടമില്ല ആകയാൽ ആദ്യന്തങ്ങളില്ല. സർവസംപൂർണ്ണമായ ബ്രഹ്മം അതേ സർവസംപൂർണ്ണമായ ആനന്ദം അതേ സർവസംപൂർണ്ണമായ ബോധം അതേ സർവസംപൂർണ്ണനായ ആത്മാ അന്തമററതാണ്. ദേശകാല വ്യാപ്തി കടന്നതാണ്. ആകയാൽ ആദിയില്ല മദ്ധ്യമില്ല അന്തമില്ല, ആത്മാ ഏതു കാലത്തും ഏതു ദേശത്തും നിറവുററു നില്ക്കും ബ്രഹ്മം തന്നെയാണ്.

ഭയം വിട്ടു മുന്നേറുക. ക്ലേശം കടന്നെഴുനേൽക്കുക. സധൈര്യം മുന്നേറുക. നീ അതാണന്നറിഞ്ഞു് ഇതു ഞാനാണെന്നുറപ്പിക്കുവാൻ ധൈര്യപ്പെട്ടെഴുനേൽക്കുക.

'നായം ആത്മാ ബലഹീനേനലഭ്യ'
'തത് ത്വം അസി'
ഓം തത് സത്

—

ഓം തത് സത്
ശ്രീ ഗുരവേ നമ:

കാണു നീ ശ്രീധരം ഹൃദയ പത്മം
അണുവല്ല അണുവിന്നു മണുവതാണ്
ആനന്ദ സമുല്ലസം മധുര മനോഹരം
നിത്യ നിതാന്ത പ്രശോഭിതം
മോഹന മനോഹരം

ആയിരം ആയിരം കോടി
രശ്മി വർഷങ്ങൾക്കപ്പുറമപ്പുറം
നീണ്ടു നീണ്ടു കിടക്കും
ദേശ ദൂരമേ അതിശയം അതിശയം

ആയപോൽ അളവറ്റ
ളവറ്റതാകും കോടി
ക്കോടി വർഷങ്ങൾക്ക
മപ്പുറ മപ്പുറം

ആയപോലെണ്ണു മറ്റു
വരും കാലങ്ങൾക്ക
മപ്പുറ മപ്പുറം

സർവ്വാധാരമായി നില്ക്കും
ആകാശ ഹൃദയമേ
അണോരണീയാനേ

സർവ്വവും വിഴുങ്ങും
വർത്തമാനനേ
നിമേഷമേ

ദേശമേ—നിത്യമേ—ആനന്ദമേ
ചിദാകാശമേ ശ്രീധരദേശമേ
ഹൃദയമേ

വലുതിൽ വലുതാകും
വലുതെല്ലാം ചേർന്നതാകും
വലുതിൽ വലിയവനേ

ബ്രഹ്മേ—ചിദാകാശമേ
നീയും ശ്രീധര ദേശമോ

പിന്നേതു വ്യാകരണം
പിന്നേതു പദാർത്ഥം

ഏതു താൻ വ്യാഖ്യാനങ്ങൾ
അടങ്ങടങ്ങു കുഞ്ഞേ
മുൻ ചൊന്നതത്രേ
വേദമടങ്ങും
വേദാന്തം

ഓം

ശ്രീ ഗുരവേ നമ:

ബോധമേ നിന്നെ ഞാൻ പാട്ടിലൊതുക്കുവാൻ
പാഴ്‌വേല ചെയ്‌വതു കണ്ടു രസിക്കെടോ
അത്യുഗ്ര ഭീകര ചൂടതിലെരിഞ്ഞിടും
തെല്ലുമേ ക്ലേശമൽ കാട്ടാത്തൊരാത്മാവതും

കൈവിട്ടതായ് തോന്നും നിൻനിറം കാണുവാൻ
കേണപേക്ഷിപ്പതായ് ശ്രുതി। അതുമോതുന്നു.
ബോധമേ നിന്നെ നിനക്കു കണ്ടീടുവാൻ
ബോധമതില്ലെന്നു ചൊല്ലുന്നു ലോകവും

അതിനു പെരുവഴിയതിൽ ക്ലേടമാത്മാക്കളും
ന്യായമുപാമാനമുദാഹരിക്കുന്നെടോ
അതു കേട്ടു ചെറുതൊന്നു ചിരിച്ചു പോം ഞാനെടോ

രക്ഷ ! രക്ഷ! പ്രഭോ
രക്ഷ! രക്ഷ! പ്രഭോ

അത്ര്യും മായയ്ക്ക സാധ്യമായ് വന്നെടൊ
അല്ലെങ്കിൽ ലോകേ അവിദ്യ എന്താണെടോ

ഒളിവുററു വെളിവുററു നില്ക്കമോ ബോധത്തിൽ
ഒളിച്ചു കളിക്കയോ വിദ്യയുമവിദ്യയും

സൂര്യനിൽ സൂര്യനിരുട്ടു കണ്ടീടുമോ
സൂര്യകേന്ദ്രമതിൽ കാണുന്ന നീലത്തെ

സൂര്യഭഗവാനും കാണുവതാണോടോ
സർവവും കാട്ടുമാ സൂര്യൻ മറയ്ക്കുന്നിതപ്പുറം

ആയതു സൂര്യനും മറവതായ് മാറുമോ
ഓർത്തോർത്തു നോക്കു നീ ബോധമങ്ങായതിൽ

ബോധക്കേടെങ്ങാനും കാണുമോ
ബ്രഹ്മത്തിനു മാത്രമേ ബ്രഹ്മമറിവുള്ളു.

ബോധത്തിനു മാത്രമേ ബോധമെത്തുപെട്ടു
വ്യക്തിതന്നറിവെല്ലാം മാനസ അറിവെടോ

അപ്പുറമെത്തിയാലേബോധമതെത്തുപെട്ടു
നിർവാസനം കടന്നാലേ മാനസം മറകയുള്ളു

പിന്നത്തെ അറിവാണു് പ്രജ്ഞാനം ബ്രഹ്മമെടോ
ഉണരുണരു ശ്രീധരാ ബോധമതേല്ക്കുവാൻ
മറെറാരു വസ്തുവും നിന്നെ രക്ഷിക്കില്ല.

—00—